Viewpoint

# ഒരുങ്ങാം വിനോദയാത്രയ്ക്ക്

ഡോ. മുരളി തുമ്മാരുകുടി



# സുരക്ഷിതമായ സ്കൂൾ യാത്രക്ക് ഒരു കൈപ്പുസ്തകം

## ആമുഖം

എനിക്ക് അഞ്ചുവയസ്സുള്ളപ്പോൾ സ്കൂളിൽ രാത്രിയിൽ ഒരു പരിപാടിയുണ്ടായിരുന്നു. സഹോദരങ്ങളെല്ലാം അതിൽ പങ്കെടുക്കാൻ പോകുന്നുണ്ട്. എനിക്കും അവർക്കൊപ്പം പോയാൽ കൊള്ളാമെന്നുണ്ട്. വേഷം മാറി തയ്യാറായി. എന്നാൽ അമ്മയ്ക്ക് എന്നെ വിടാൻ തീരെ താൽപ്പര്യമുണ്ടായിരുന്നില്ല. അച്ഛൻ വീട്ടിൽ ഇല്ലാതിരുന്നതിനാൽ എനിക്കൊപ്പം വരാൻ ആരുമില്ലായിരുന്നു. ''അമ്മേ ഷർട്ട് ഇട്ടുപോയി...'' ഞാൻ കരയാൻ തുടങ്ങി.

''മോനേ നീ വലുതാകുമ്പോൾ എവിടെ വേണേലും പൊക്കോ. അമ്മ തടയില്ല. പക്ഷേ, ഇന്ന് ആരുമില്ലാതെ മോൻ പോവണ്ട" അമ്മ ആ വാക്ക് പാലിച്ചു. ഏഴുവയസ്സുകഴിഞ്ഞശേഷം ഒരിടത്തും പോകുന്നതിൽനിന്ന് അമ്മ എന്നെ വിലക്കിയിട്ടില്ല. തുടക്കത്തിൽ സ്കൂളിൽനിന്ന് വിനോദയാത്രകൾക്കായി  വീടുവിട്ട ഞാൻ പിന്നീട് സുഹൃത്തുക്കൾക്കൊപ്പമായി യാത്ര. ഒടുവിലത് ഒറ്റക്കുള്ള യാത്രകളായി. ഇതിനകം നാൽപ്പതിലേറെ രാജ്യങ്ങൾ സന്ദർശിച്ചു. അവയിൽ ചിലത് അതിമനോഹരമാണ്. ജീവിതകാലത്തിനിടെ ഒരാൾ സന്ദർശിച്ചിരിക്കേണ്ട രാജ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടവ.

എന്റെ ഏറ്റവും വലിയ അധ്യാപകൻ എന്റെ യാത്രകളാണ്. വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിലൂടെ അവിടത്തെ ജനങ്ങളുടെ ജീവിതത്തിലൂടെ ഞാൻ ഏറെ പഠിച്ചു. പലതരത്തിലുള്ള വസ്ത്രങ്ങൾ കണ്ടു. പല രുചികളിലുള്ള ഭക്ഷണം കഴിച്ചു. പണം ഏറെയുണ്ടെങ്കിലും അൽപ്പവും സന്തോഷമില്ലാതെ ജീവിക്കുന്ന ധനികരെയും സംഘർഷങ്ങൾക്കിടയിലും ചിരിക്കുന്ന കുഞ്ഞുമുഖങ്ങളെയും ഞാൻ കണ്ടു. സാമ്പത്തികശാസ്ത്രത്തിന്റെ വിവിധവശങ്ങളെന്നപോലെ തത്വശാസ്ത്രത്തിന്റെ മാനങ്ങളും ഈ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു.

ലോകം ചുറ്റിയ ഈ യാത്രകൾക്കെല്ലാം ശേഷവും ഞാനോർക്കുന്നത് സ്കൂളിൽനിന്ന് ആദ്യമായി ഞാൻ പോയ വിനോദയാത്രയാണ്. എറണാകുളം ജില്ലയിലെ ഓണംകുളം ഗവ. പ്രൈമറി ബോയ്സ് സ്കൂളിലാണ് ഞാൻ പഠിച്ചത്. എനിക്ക് ഏഴുവയസ്സുള്ളപ്പോഴായിരുന്നു ആദ്യ വിനോദയാത്ര. ഭൂതത്താൻകെട്ടിലേക്കായിരുന്നു അത്. ബാലൻ സാറിന്റെ നേതൃത്വത്തിൽ ഒരു മിനിബസിലായിരുന്നു യാത്ര. ആ യാത്രയിലാണ് ഞാൻ ആദ്യമായി ഒരു നദി നേരിട്ടുകാണുന്നത്. അത് പെരിയാറായിരുന്നു. ധാരാളം കുരങ്ങുകൾ കൂടുകളിൽ കിടക്കുന്നു, ചെറുതെങ്കിലും ആദ്യമായി കാണുന്നതുകൊണ്ട് വളരെ വലുതെന്ന് തോന്നിച്ച പാർക്ക്, അവിടെ കളിയ്ക്കാൻ ധാരളം കോപ്പുകൾ. മടക്കയാത്രയിൽ കോതമംഗലത്തെ ഹോട്ടലിൽനിന്നായിരുന്നു ഭക്ഷണം. രാത്രി എട്ടുമണിയോടെ വീട്ടിലെത്തിയതു വരെയുള്ള കാര്യങ്ങൾ ഇപ്പോഴും ഓർക്കുന്നു. പിന്നീടുള്ള ദിവസങ്ങളിൽ ഈ വിശേഷങ്ങൾ വീട്ടുകാരെ പറഞ്ഞുകേൾപ്പിക്കാൻ ഞാൻ ഉത്സാഹിച്ചു. പിറ്റേന്ന് അച്ഛൻ ജോലിക്ക് പോകാതെ എന്റെ വിശേഷങ്ങൾ കേൾക്കാനിരുന്നു.

ഇക്കാലത്ത് സ്കൂളുകൾ വിനോദയാത്രകൾ റദ്ദാക്കുന്ന വിവരമറിഞ്ഞ് എനിക്ക് വേദന തോന്നാറുണ്ട്. വിനോദയാത്രക്കിടെ ആവർത്തിക്കപ്പെടുന്ന ദുരന്തങ്ങളുടെ വാർത്തകളാകാം അവരെ ഇതിന് പ്രേരിപ്പിക്കുന്നത്. 18 പിഞ്ചുകുട്ടികളും മൂന്ന് അധ്യാപകരും മരിച്ച തട്ടേക്കാട് ദുരന്തമാണ് ആദ്യം മനസ്സിൽ പൊന്തിവരുന്നത്. എന്നാൽ ദുരന്തത്തേക്കാൾ പ്രധാനം സമൂഹം അതിനോട് പ്രതികരിച്ച രീതിയാണ്. സ്കൂളുകൾ വിനോദയാത്ര സംഘടിപ്പിക്കുമ്പോൾ സുരക്ഷ ഉറപ്പാക്കേണ്ടതിന് മാനദണ്ഡങ്ങൾ സംബന്ധിച്ച് സർക്കാർ സർക്കുലർ ഇറക്കി. കുട്ടികളെ അവരുടെ അധ്യാപകർക്കൊപ്പം വിനോദത്തിനയക്കാൻ രക്ഷാകർത്താക്കൾ വിമുഖരായി.

വിദ്യാഭ്യാസത്തിൽ സുപ്രധാനപങ്ക് പഠന–വിനോദയാത്രക്കുണ്ട്. അവയെ ഒഴിവാക്കുന്നത് ദുഃഖകരമാണ്. സ്വന്തം ചുറ്റുപാടിൽ പതിവായി കാണുന്നതിൽനിന്ന് വ്യത്യസ്തമായ കാഴ്ചകളും അനുഭവങ്ങളുമാണ് ഇത്തരം യാത്രകൾ കുട്ടികൾക്ക് പ്രദാനംചെയ്യുക. ക്ലാസ്റൂമുകളിൽ പുസ്തകങ്ങളിൽ പഠിച്ചവയെ നേരിൽക്കണ്ട് അവയെ നിരീക്ഷിക്കാനും അവസരമൊരുങ്ങുന്നു. രക്ഷകർത്താക്ക

ളിൽനിന്ന് അകന്ന് സ്വതന്ത്രരായി വളരാനുള്ള പ്രാപ്തിയിലേക്കും ഇത് നയിക്കുന്നു. അതുകൊണ്ട് സ്കൂൾ പാഠ്യപദ്ധതിയിൽനിന്ന് വിനോദയാത്രകളെ ചുമ്മാതങ്ങ് ഒഴിവാക്കുന്നത് ഒട്ടും ശരിയായ പ്രവണതയല്ല.

എന്നെ വിനോദയാത്രക്ക് കൊണ്ടുപോയ അധ്യാപകരെയെല്ലാം എന്റെ വീട്ടുകാർക്ക് അറിയാമായിരുന്നു. അവരെ പൂർണമായി വിശ്വസിക്കുകയുംചെയ്തു. അക്കാലത്ത് സ്കൂൾ സ്ഥിതിചെയ്യുന്ന ഗ്രാമത്തിൽ തന്നെയാണ് അധ്യാപകരെല്ലാം താമസിച്ചിരുന്നത്. ഗ്രാമം മുഴുവൻ അവരെ ബഹുമാനിക്കുകയും ചെയ്തിരുന്നു. യാത്രക്കിടെ ഞങ്ങൾ കുട്ടികളിലാർക്കെങ്കിലും അപകടം പറ്റിയാൽ അധ്യാപകർ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയും ഞങ്ങളെ രക്ഷിക്കുമായിരുന്നു എന്ന് ഉറപ്പാണ്. എന്തെങ്കിലും അപകടം പറ്റിപ്പോയാൽ സമൂഹമാകെ അധ്യാപകർക്ക് പിന്തുണയുമായി ഒപ്പംനിൽക്കുകയും ചെയ്യുമായിരുന്നു. ഇന്ന് സ്വന്തം അനാസ്ഥകൊണ്ട് വിദ്യാർഥികളുടെ ജീവൻ നഷ്ടപ്പെടുത്തുന്ന അധ്യാപകർ സമൂഹത്തിന്റെ വിശ്വാസം നഷ്ടപ്പെടുത്തുകയാണ്.

എന്തൊക്കെയായാലും കുട്ടികളുമായി വിനോദയാത്രക്ക് പോകുന്നതിന് ഇന്ന് ഏറെ കടമ്പകൾ കടക്കേണ്ടതുണ്ട്. തികച്ചും സുരക്ഷിതവും സമഗ്രവുമായ രീതിയിൽ ഇത്തരം യാത്രകൾ എങ്ങനെ ആസൂത്രണം ചെയ്യാമെന്ന് അധ്യാപകർക്കും കുട്ടികൾക്കും ബോധ്യമുണ്ടാകേണ്ടത് അനിവാര്യമാണ്. തട്ടേക്കാട് ദുരന്തത്തിനുശേഷം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഈവഴിക്കാണ് വിരൽ ചൂണ്ടുന്നത്. അതുതന്നെയാണ് അടിസ്ഥാനപ്രശ്നവും.

ഈ സാഹചര്യത്തിലാണ് ഇങ്ങനെയൊരു പുസ്തകം എഴുതാൻ തീരുമാനിച്ചത്. സുരക്ഷിതമായി സ്കൂൾ വിനോദയാത്രകൾ എങ്ങനെ സംഘടിപ്പിക്കാമെന്ന് ലളിതമായ രീതിയിൽ ഈ പുസ്തകം വിവരിക്കും. അധ്യാപകരുടെ സമഗ്രമായ ആസൂത്രണവും സംഘാടനവുമാണ് ഇതിൽ പ്രധാനം. കുട്ടികളുമായുള്ള സുഗമമായ ആശയവിനിമയവും അച്ചടക്കവും പ്രധാനമാണ്. ഇത് ചിലപ്പോൾ ആഘോഷങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയേക്കാം. എന്നാൽ, എന്നും ഓർമയിൽ സൂക്ഷിക്കാവുന്ന ഒരു യാത്രക്ക് അത് അനിവാര്യമാണ്.

ലളിതമായ ഭാഷയിൽ ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നത് അന്തരാഷ്ട്രതലത്തിൽ പല സ്കൂളുകളും അനുവർത്തിക്കുന്ന കാര്യങ്ങളാണ്. ഏറെ യാത്രകൾ ചെയ്തതിന്റെ അനുഭവവും അതിന് വെളിച്ചം പകരുന്നു.

മോശമായ വിനോദയാത്രകളെക്കുറിച്ചുള്ള ചില ഉദാഹരണങ്ങൾ ഇതിലുണ്ടെങ്കിലും സ്കൂൾ വിനോദയാത്രകളിലേക്ക് ആഹ്ലാദം മടക്കിക്കൊണ്ടുവരാൻ ഉദ്ദേശിച്ചാണത്. ഇതുകൊണ്ട് അധ്യാപകരും രക്ഷകർത്താക്കളും ഒരിക്കൽക്കൂടിയെങ്കിലും കുട്ടികളുടെ വിനോദയാത്രക്ക് വഴിയൊരുക്കിയാൽ എനിക്ക് സന്തോഷമായി. അത്തരം യാത്രക്കിടെ ഒരു കുട്ടിയുടെയെങ്കിലും ജീവൻ രക്ഷിക്കാൻ ഉപകരിച്ചാൽ ഈ പുസ്തകം കർത്തവ്യം നിറവേറ്റുമെന്ന് ഞാൻ വിശ്വസിക്കുന്നു.

.......

# സുരക്ഷിതമായ വിനോദയാത്രക്കുള്ള പൊതുമാർഗനിർദ്ദേശങ്ങൾ

വിദ്യാർഥികൾക്കായി സ്കൂളിൽനിന്ന് വിനോദയാത്ര സംഘടിപ്പിക്കാൻ പല കാരണങ്ങളുണ്ടാകും. ഒരു പ്രദർശനം കാണാനുള്ള യാത്രയോ ന്യൂഡൽഹിയിലെ റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുക്കാനുള്ള യാത്രയോ ആകാമത്. യാത്ര എവിടേക്കാണെങ്കിലും കുട്ടികളുമായി സ്കൂളിന് പുറത്തേക്ക് പോകുമ്പോൾ സുരക്ഷയ്ക്കായി പുതിയ മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടിവരും. അക്കാര്യത്തിൽ തികച്ചും പ്രൊഫഷണലായി അനുവർത്തിക്കേണ്ട മാർഗങ്ങളെക്കുറിച്ചുള്ള വിശദീകരണമാണ് ഈ പുസ്തത്തിൽ പ്രതിപാദിക്കുന്നത്. കുട്ടികളുടെ ചുമതല വഹിക്കുന്നവരുടെ ഭാഗത്തുനിന്ന് വീഴ്ചകൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഇതിലെ നിർദ്ദേശങ്ങൾ സഹായിക്കും.

കുട്ടികളെ സ്കൂളിന് പുറത്തേക്ക് കൊണ്ടുപോകുമ്പോൾ പ്രധാനമായും പരിഗണിക്കേണ്ട കാര്യങ്ങൾ ഇവയാണ്:

1. യാത്രയുടെ ലക്ഷ്യം
2. സന്ദർശിക്കേണ്ട സ്ഥലങ്ങൾ
3. യാത്രയുടെ ദൈർഘ്യവും സമയക്രമവും
4. മേൽപ്പറഞ്ഞ കാര്യങ്ങൾക്കാവശ്യമായ വിഭവങ്ങൾ സംഘടിപ്പിക്കൽ

ഇക്കാര്യങ്ങൾ സംബന്ധിച്ച് വ്യക്തമായ ധാരണയുണ്ടാക്കിയാൽ വിനോദയാത്രയുടെ സുരക്ഷിതത്വവും ആരോഗ്യകരമായ നടത്തിപ്പും ഉറപ്പാക്കാനാകും. പൊതുവായ

കാര്യങ്ങളെക്കുറിച്ചാണ് ആദ്യത്തെ അധ്യായത്തിൽ വിവരിക്കുന്നത്. ആരോഗ്യ, സുരക്ഷാ കാര്യങ്ങളെക്കുറിച്ചാണ് തുടർന്നുള്ള അധ്യായങ്ങളിൽ വിവരിക്കുന്നത്. അത്ര സാധാരണമല്ലെങ്കിലും അന്താരാഷ്ട്ര യാത്രകൾപോലും ഇപ്പോൾ സ്കൂളുകൾ സംഘടിപ്പിക്കുന്നുണ്ട്. അപ്പോൾ കൂടുതലായി ചില കാര്യങ്ങൾ കൂടി ശ്രദ്ധിക്കേണ്ടിവരും. അഞ്ചാം അധ്യായത്തിൽ ഇക്കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളെ എങ്ങനെ നേരിടണമെന്ന് അവസാന ഭാഗത്ത് വിവരിക്കുന്നു. അധിക വിവരങ്ങളും അനുബന്ധ കാര്യങ്ങളും ഒപ്പം ചേർക്കുന്നുണ്ട്.

**യാത്രയുടെ ലക്ഷ്യം**

യാത്രയുടെ ലക്ഷ്യസ്ഥാനവും ഉദ്ദേശങ്ങളും സമയദൈർഘ്യവും മറ്റും ഓരോ യാത്രയിലും വ്യത്യസ്തമായിരിക്കും. അവയെക്കുറിച്ച് ഒരു പൊതു നിഗമനത്തിലെത്തുക സാധ്യമല്ല. ഇവിടെ ചില ഉദാഹരണങ്ങൾ മാത്രമാണ് ചൂണ്ടിക്കാട്ടുന്നത്.

1. വിനോദത്തിനായി മാത്രം സംഘടിപ്പിക്കുന്ന യാത്രകൾ
2. കായിക–കലാ മത്സരങ്ങൾ കാണാനുള്ള യാത്രകൾ
3. കലാ–കായിക മത്സരങ്ങളിൽ പങ്കെടുക്കാനുള്ള യാത്രകൾ
4. വിദ്യാഭ്യാസപരമായ സന്ദർശനങ്ങൾ

പലപ്പോഴും വിനോദയാത്രകൾക്ക് ഒന്നിലേറെ ഉദ്ദേശങ്ങളുണ്ടയേക്കാം. ഉദാഹരണത്തിന്, വ്യവസായ മേഖലയിലേക്കുള്ള യാത്ര ഒരു പിക്നിക്ക് കൂടി ഉൾപ്പെടുത്തിയാകാം. കായിക മത്സരം വീക്ഷിക്കാനുള്ള യാത്ര ഒരു പഠനയാത്രയായും സംഘടിപ്പിക്കാം.

യാത്രയുടെ ലക്ഷ്യസ്ഥാനങ്ങളും സമയദൈർഘ്യവും തീരുമാനിക്കുന്നതും യാത്രയുടെ സ്വഭാവത്തിനനുസരിച്ച് ആസൂത്രണം നടത്തുന്നതുമാണ് പ്രാഥമികമായി ശ്രദ്ധവയ്ക്കേണ്ട കാര്യങ്ങൾ. ഉദഹാരണത്തിന്, ഒരു ദേശീയ കായികമേളയിൽ പങ്കെടുക്കാനാണ് കുട്ടികളുമായി പോകുന്നതെങ്കിൽ സ്ഥലവും വിഭവങ്ങളും മറ്റും വളരെ വ്യക്തമാണ്. അത് നേരത്തെതന്നെ വളരെ എളുപ്പത്തിൽ നിങ്ങൾക്ക് തീരുമാനിച്ചുറപ്പിക്കാം. എന്നാൽ, ഒരു പഠനയാത്രയാണെങ്കിൽ സന്ദർശിക്കേണ്ട സ്ഥലങ്ങളും സമയക്രമവും മറ്റും നിങ്ങൾ സ്വയം തീരുമാനിച്ച് ഉറപ്പിക്കേണ്ടിവരും. അവിടെ ഇക്കാര്യങ്ങൾ തീരുമാനിക്കാൻ സംഘാടകർക്ക് പൂർണ സ്വാതന്ത്ര്യവുമുണ്ട്.

**സന്ദർശിക്കേണ്ട സ്ഥലങ്ങൾ**

സന്ദർശന സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതാണ് സ്കൂൾ വിനോദയാത്രകളിൽ സുപ്രധാനമായ കാര്യം. നേരത്തെ പറഞ്ഞതുപോലെ സന്ദർശനസ്ഥലങ്ങൾ തെരഞ്ഞെടുക്കാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യാം. അതുകൊണ്ട് ഈ രണ്ട് സാഹചര്യത്തിലും നിങ്ങൾക്ക് സഹായകമായ ചില മാർഗനിർദ്ദേശങ്ങളാണ് ഇവിടെ നൽകുന്നത്.

**സ്വാതന്ത്ര്യം ഉണ്ടെങ്കിൽ**

യാത്രയുടെ ലക്ഷ്യങ്ങളെ അടിസ്ഥനമാക്കി സന്ദർശിക്കേണ്ട സ്ഥലങ്ങൾ തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടെങ്കിൽ ഇക്കാര്യങ്ങൾ പരിഗണിച്ച് തെരഞ്ഞെടുക്കുക:

1. യാത്രാസംഘത്തിന് നേതൃത്വം നൽകുന്നവരിൽ ഒരാളെങ്കിലും മുമ്പ് സന്ദർശിച്ചിട്ടുള്ള സ്ഥലം
2. തങ്ങാനും വിശ്രമിക്കാനുമുള്ള സൗകര്യം മികച്ചതും വിശ്വസനീയവുമായ കേന്ദ്രം
3. മറ്റേതെങ്കിലും സന്ദർശനകേന്ദ്രവുമായി ബന്ധമുള്ള സ്ഥലം
4. ആശുപത്രി സൗകര്യവും വാർത്താവിനിമയ സംവിധാനവും ഉള്ള ഇടം
5. സഞ്ചാരികളുടെ സുരക്ഷ സംബന്ധിച്ച് ആശങ്കയില്ലാത്ത പ്രദേശം

**സ്വാതന്ത്ര്യം ഇല്ലെങ്കിൽ**

നേരത്തെ സൂചിപ്പിച്ചപോലെ എത്തിച്ചേരേണ്ട സ്ഥലങ്ങൾ നിങ്ങളുടെ തീരുമാനത്തിന് അനുസരിച്ചല്ലെങ്കിലും അവിടേക്ക് പോകേണ്ടതുണ്ടോ എന്ന് നിശ്ചയിക്കുന്നതിന് മുമ്പ് മേൽപ്പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. അതിനുശേഷമായിരിക്കണം അവിടേക്കുള്ള ക്ഷണം സ്വീകരിക്കേണ്ടത്. പലപ്പോഴും ക്രിമിനൽ സംഘങ്ങൾ വിലപേശാൻ തട്ടിക്കൊണ്ടുപോകുന്നത് സ്കൂൾ കുട്ടികളെയാണെന്നതിനാൽ എന്തെങ്കിലും തരത്തിലുള്ള സുരക്ഷാഭീഷണിയുള്ള സ്ഥലങ്ങളിലേക്ക് ഒരിക്കലും അവരുമായി യാത്ര പോകരുത്.

വിവിധോദ്ദേശ്യങ്ങളോടെ സംഘടിപ്പിക്കുന്ന യാത്രകൾക്കും അന്തിമരൂപം നൽകുന്നതിനുമുമ്പ് ഇക്കാര്യങ്ങൾ തന്നെയാണ് പ്രധാനമായി ശ്രദ്ധിക്കേണ്ടത്. ഒരേ ലക്ഷ്യ

ങ്ങളും ഉദ്ദേശങ്ങളും സഫലമാക്കാൻ ഒന്നിലേറെ കേന്ദ്ര ങ്ങൾ ഉള്ള സ്ഥിതിക്ക് അത്തരത്തിൽ സുരക്ഷിതമായ മ റ്റേതെങ്കിലും സ്ഥലം തെരഞ്ഞെടുക്കുന്നതാണ് ഉത്തമം. യാത്രക്കുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയശേ ഷവും ആവശ്യമെങ്കിൽ ഇത്തരത്തിൽ ഒരു തീരുമാനമെ ടുക്കാൻ മടിക്കരുത്.

യാത്രാസംഘത്തിൽ വൈകല്യമോ ശാരീരിക അവശ തയോ ഉള്ള കുട്ടികളുണ്ടെങ്കിൽ സന്ദർശനസ്ഥലങ്ങൾ തെരഞ്ഞെടുക്കുമ്പോൾ അക്കാര്യം നിർബന്ധമായും മ നസ്സിലുണ്ടാകണം. എല്ലാ കുട്ടികൾക്കും ഒരുപോലെ ആ സ്വദിക്കാവുന്ന സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതാണ് യാ ത്രയുടെ ഐക്യത്തിനും ഉത്തമം. കുട്ടികളുടെ മാതാപി താക്കൾ ഒപ്പമുണ്ടെങ്കിലും ഇല്ലെങ്കിലും ഇക്കാര്യം അധ്യാ പകർ ശ്രദ്ധിക്കണം.

നിങ്ങൾ സ്വയം നിശ്ചയിച്ച സ്ഥലത്തേക്കോ ക്ഷണി ക്കപ്പെട്ട ഇടത്തേക്കോ യാത്ര സംഘടിപ്പിക്കുന്നതിന് മു മ്പ് പോകുന്ന സ്ഥലത്തെക്കുറിച്ച് വ്യക്തമായ അറിവ് ശേ ഖരിക്കണം. ഇന്ത്യയിലെയും വിദേശത്തെയും ഏത് സ്ഥ ലത്തെക്കുറിച്ചുമുള്ള വിവരങ്ങൾ ഇന്റനെറ്റിൽ വളരെ എ ളുപ്പത്തിൽ ലഭ്യമാണ്. വിശ്വസനീയമായ മറ്റ് കേന്ദ്രങ്ങ ളിൽനിന്നും അഭിപ്രായം ആരായാം. എന്തായാലും സ ന്ദർശിക്കേണ്ട സ്ഥലങ്ങളുടെ പശ്ചാത്തലം സംബന്ധിച്ച സുവ്യക്തമായ ധാരണയോടെയേ യാത്ര പുറപ്പെടാവൂ. അത്തരത്തിലുള്ള വിശ്വസനീയമായ ചില കേന്ദ്രങ്ങളുടെ വിവരം അനുബന്ധം ഒന്നിൽ ചേർത്തിട്ടുണ്ട്.

### യാത്രയുടെ ദൈർഘ്യവും സമയക്രമവും

സന്ദർശന സ്ഥലങ്ങളെയും ഉദ്ദേശ്യങ്ങളെയും ആശ്രയി ച്ചാണ് ഓരോ യാത്രയുടെയും സമയദൈർഘ്യം തീരു മാനിക്കപ്പെടുക. ഏകദിന യാത്ര ഏതാനും മണിക്കൂറു കളോ പഠനാവശ്യങ്ങൾക്കായുള്ള വിപുലമായ യാത്ര ആ ഴ്ചകളോ നീളാം. മാതൃകാപരമായ സമയദൈർഘ്യം പൊ തുവായി നിർദ്ദേശിക്കുക അസാധ്യമാണ്. കുറഞ്ഞത് ഇ ത്രസമയം വേണമെന്നോ ഏറിയാൽ ഇത്രദിവസമേ പാ ടുള്ളുവെന്നോ നിർദ്ദേശിക്കാനാകില്ല. എങ്കിലും, യാത്ര യുടെ സമയദൈർഘ്യം തീരുമാനിക്കുമ്പോൾ താഴെപ്പറ യുന്ന കാര്യങ്ങൾ ശ്രദ്ധിക്കുന്നത് നന്നായിരിക്കും:

1. ഒരിക്കലും ഇടുങ്ങിയ സമയക്രമം നിശ്ചയിക്കരുത്. കാരണം, നമ്മൾ വിചാരിക്കുന്ന പോലെ യാത്ര സുഗമ മായി നീങ്ങണമെന്നില്ല. ഗതാഗതക്കുരുക്കും മ്യൂസിയത്തി ലെ ക്യൂവും തുടങ്ങി നിരവധി പ്രശ്നങ്ങൾ അപ്രതീക്ഷി തമായി യാത്രയെ തടസ്സപ്പെടുത്തിയേക്കും. ഇക്കാര്യങ്ങൾ മുൻകൂട്ടി പ്രവചിക്കാനാകില്ലല്ലോ. അതുകൊണ്ട് ആവ ശ്യമായതിലും കുറച്ചധികം സമയം കണക്കുകൂട്ടിവേണം ഓരോ സന്ദർശനസ്ഥലത്തിനും നിശ്ചയിക്കേണ്ടത്. അ ല്ലെങ്കിൽ തുടർന്നുള്ള യാത്രയുടെ വിനോദം നഷ്ടമാകും. സന്ദർശനത്തിനായി നിശ്ചയിച്ച സ്ഥലങ്ങളെല്ലാം വഴിപാ ടുപോലെ ഓടിത്തീർക്കേണ്ടിവരും. പലപ്പോഴും വിചാരി ച്ച സമയത്ത് ലക്ഷ്യസ്ഥാനത്തെത്താൻ ഡ്രൈവർമാരോ ട് വാഹനം 'പറത്തി'വിടാനും സംഘാടകർ നിർദ്ദേശിക്കാ റുണ്ട്. തികച്ചും അപകടകരമായ ഇത്തരം പ്രവണതകൾ നിർബന്ധമായും ഒഴിവാക്കണം. അതിന് വളരെ വിശാല മായ സമയക്രമത്തോടെ യാത്ര മുൻകൂട്ടി ആസൂത്രണം ചെയ്യണം.

2. നഗരങ്ങളിൽനിന്ന് നഗരങ്ങളിലേക്കുള്ള രാത്രിയാത്ര ഒഴിവാക്കാൻ ശ്രദ്ധിക്കുക. രാത്രിയിൽ റോഡുകളിൽ വാ ഹനങ്ങൾ കുറവായതിനാൽ വേഗത്തിൽ അടുത്ത ലക്ഷ്യ സ്ഥാനത്തെത്താൻ കഴിയുന്നതുകൊണ്ടും രാത്രിയിൽ താ മസ സൗകര്യം ഒരുക്കേണ്ടതില്ല എന്നതിനാലും മിക്കവ രും രാത്രിയാത്ര പിന്തുടരുന്നുണ്ട്. എന്നാൽ, ദാരുണമാ യ അപകടങ്ങൾ മിക്കപ്പോഴും ഉണ്ടാകുന്നത് ഇത്തരം രാ ത്രിയാത്രകളിലാണ് എന്നകാര്യം ഓർക്കുക. ഡ്രൈവർ ഉറക്കത്തിലേക്ക് വഴുതാനുള്ള സാധ്യതകൂടി കണക്കിലെ ടുത്ത് രാത്രി ഏഴു മുതൽ പുലർച്ചെ ആറുവരെയുള്ള യാ ത്ര ഒഴിവാക്കുന്നതാണ് ഉത്തമം.

3. മൂന്നുദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള യാത്ര കൾ ആസൂത്രണം ചെയ്യുന്നവർ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. ഓരോ മൂന്നുദിവസം പിന്നിടുമ്പോഴും നാ ലാമത്തെ ദിവസം കുട്ടികൾക്ക് മതിയായ വിശ്രമത്തിനു ള്ള അവസരം ഉറപ്പാക്കണം. തുണി അലക്കുന്നതുപോ ലെയുള്ള വ്യക്തിപരമായ ചില കാര്യങ്ങൾക്കുള്ള സാ ഹചര്യവും ഒരുക്കണം. നാലാമത്തെ ദിവസം പൂർണമാ യും വിശ്രമത്തിനായി അനുവദിക്കണമെന്ന് ഇതിനർഥ മില്ല. എന്നാൽ, മതിയായ വിശ്രമം ഉറപ്പാക്കിയശേഷമേ അന്ന് മറ്റെന്തെങ്കിലും പരിപാടി ആസൂത്രണംചെയ്യാവൂ. ഓരോ മൂന്നുദിവസം പിന്നിടുമ്പോഴും ഈ രീതി ആവർ ത്തിക്കേണ്ടതുണ്ട്. തുടർന്നുള്ള യാത്രയിൽ ഉന്മേഷത്തോ ടെ പങ്കെടുക്കാൻ ഇത് വിദ്യാർഥികളെ സഹായിക്കും.

4. പോകേണ്ട സ്ഥലങ്ങളുടെ കലാവസ്ഥയും സാംസ് കാരിക-രാഷ്ട്രീയ സാഹചര്യവും മറ്റും വ്യക്തമായി അ

പഗ്രഥിച്ചു വേണം യാത്രക്കായി സമയം നിശ്ചയിക്കേണ്ടത്. ഉദാഹരണത്തിന്, മെയ് മുതൽ ജൂലൈവരെയുള്ള ഘട്ടത്തിൽ ഉത്തരേന്ത്യയിലേക്ക് യാത്ര സംഘടിപ്പിക്കുന്നത് തികച്ചും വിവേകശൂന്യമായിരിക്കും. ആ സമയത്ത് അത്യുഷ്ണത്തിന്റെ പിടയിലായിരിക്കും ഉത്തരേന്ത്യ. ദക്ഷിണേന്ത്യയിൽനിന്നു പോകുന്നവർക്ക് അസഹനീയമായിരിക്കുമിത്. ദസറ ആഘോഷത്തിൽ പങ്കെടുക്കാനുള്ള ഉദ്ദേശ്യത്തോടെയല്ലെങ്കിൽ ആ സമയത്ത് മൈസൂരിലേക്ക് യാത്രപോകുന്നതും വിഡ്ഢിത്തമാകും. അതുപോലെതന്നെ, തെരഞ്ഞെടുപ്പ് ആസന്നമായ സംസ്ഥാനങ്ങളിലേക്ക് വിനോദയാത്ര പോകുന്നതും സാഹസികമാണ്. രാഷ്ട്രീയകാലാവസ്ഥ ചൂടുപിടിച്ച സമയത്ത് ചിലപ്പോൾ സംഘർഷമേഖലയിൽ നിങ്ങൾ അകപ്പെട്ടുപോകാൻ സാധ്യതയുണ്ട്. അതുകൊണ്ട് യാത്രക്കുള്ള സമയം തെരഞ്ഞെടുക്കുമ്പോൾ ഇങ്ങനെയുള്ള കാര്യങ്ങളിൽ ക്കൂടി ശ്രദ്ധിച്ചാൽ കൂടുതൽ ആശങ്കകൾ ഒഴിവാക്കാം. ഇന്ത്യയിലെ പ്രധാന ആഘോഷങ്ങളുടെ പട്ടിക ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിൽ തെരഞ്ഞ് ഇക്കാര്യങ്ങൾ ഉറപ്പാക്കിയശേഷം മാത്രം യാത്രാസമയം നിശ്ചയിക്കുക.

### സ്വരുക്കൂട്ടൽ

യാത്രയുടെ ഉദ്ദേശ്യം, സന്ദർശിക്കേണ്ട സ്ഥലങ്ങൾ, സമയദൈർഘ്യം എന്നിവയ്ക്കൊപ്പം യാത്രയ്ക്കായി ചെലവഴിക്കാൻ നിശ്ചയിച്ച പണംകൂടി കണക്കിലെടുത്താണ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ സ്വരുക്കൂട്ടുന്നത്. രണ്ടു കാര്യങ്ങളാണ് ഇത്തരത്തിൽ കൈകാര്യം ചെയ്യേണ്ടിവരിക– യാത്രാമാർഗവും താമസസൗകര്യവും.

**യാത്രാമാർഗം:**

സ്കൂൾ ബസ് മുതൽ അന്താരാഷ്ട്ര വിമാനസർവീസുകൾ വരെ നീളുന്ന പലതരത്തിലുള്ള യാത്രാമാർഗങ്ങൾ തെരഞ്ഞെടുക്കാൻ സംഘാടകർക്ക് സ്വാതന്ത്ര്യമുണ്ട്. വളരെ ദീർഘവും വിപുലവുമായ യാത്രകളിൽ ഒന്നിലേറെ മാർഗങ്ങൾ യാത്രക്കായി സ്വീകരിക്കേണ്ടി വന്നേക്കാം. അതെന്തായാലും യാത്രക്കുള്ള മാർഗം തെരഞ്ഞെടുക്കുമ്പോൾ മൂന്ന് കാര്യങ്ങൾ പ്രാഥമികമായി മനസ്സിൽ വയ്ക്കുക:

**സുരക്ഷാ പ്രശ്നങ്ങൾ:**

നിർഭാഗ്യകരമെന്നു പറയട്ടെ, റോഡുമാർഗമുള്ള യാത്രയാണ് ഏറ്റവും അപകടകരം. അതിനാൽ കഴിയുമെങ്കിൽ ട്രെയിൻ യാത്രയെ ആശ്രയിക്കുന്നത് റോഡ്ദുരന്തമെന്ന ആശങ്ക ഒഴിവാക്കും. എന്നാൽ, ഇത് മിക്കപ്പോഴും അസാധ്യമാണ്. റോഡ്യാത്രക്കിടെ ഉണ്ടാകാവുന്ന സുരക്ഷാ പ്രശ്നങ്ങൾ കൈകാര്യംചെയ്യേണ്ട രീതി സുരക്ഷയെക്കുറിച്ചുള്ള അധ്യായത്തിൽ പ്രതിപാദിക്കുന്നുണ്ട്.

**സൗകര്യം:**

റോഡ്മാർഗമുള്ള വിനോദയാത്രക്ക് മറ്റുള്ളവയേക്കാൾ 'ബലംപിടിത്തം' കുറവായിരിക്കും. യാത്രക്കിടെ കൂടുതൽ സ്ഥലങ്ങൾ ഇഷ്ടാനുസരണം കാണാനുള്ള സൗകര്യവുമുണ്ട്. എന്നാൽ, വിമാനമോ ട്രെയിനോ യാത്രക്കായി തെരഞ്ഞെടുക്കുമ്പോൾ രണ്ടു സ്ഥലങ്ങൾ തമ്മിലുള്ള യാത്രക്കിടെയുള്ള സമയനഷ്ടം ഒഴിവാക്കാം. നേരത്തെ നിശ്ചയിച്ചുറപ്പിച്ച സന്ദർശനസ്ഥലങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കാനാകുമെന്നു സാരം. ഇതിൽ ഏത് വേണമെന്ന് തീരുമാനിക്കുന്നത് തീർച്ചയായും ചെലവിനെക്കൂടി കണക്കിലെടുത്താകണം.

**ചെലവ്:**

ദീർഘദൂര യാത്രകൾക്ക് ഇന്ത്യയിൽ ഏറ്റവും ചെലവു കുറഞ്ഞ മാർഗം റെയിൽവേയാണെന്ന് അറിയാമല്ലോ. വിമാനയാത്ര ഏറ്റവും ചെലവ് കൂടിയതും. എന്നാൽ, വിദ്യാർഥികൾക്കായുള്ള പഠനയാത്രകൾക്ക് വിമാനസർവീസുകളിൽ നിരക്കിളവ് അനുവദിക്കുന്നുണ്ട്. യാത്ര നേരത്തെ ആസൂത്രണംചെയ്താൽ ഈ ആനുകൂല്യം തേടാനാകും.

**താമസസൗകര്യം:**

യൂത്ത് ഹോസ്റ്റലുകൾ മുതൽ സ്റ്റാർ ഹോട്ടലുകൾ വരെ നീളുന്ന താമസ–വിശ്രമ സൗകര്യം നാട്ടിൽ ലഭ്യമാണല്ലോ. ക്ഷണിക്കപ്പെട്ട സ്ഥലത്തേക്കാണ് നിങ്ങൾ പോകുന്നതെങ്കിൽ താമസസൗകര്യം ആതിഥേയർ ഒരുക്കിയിരിക്കും. അത്തരം സൗകര്യങ്ങൾ മിക്കപ്പോഴും ഹോസ്റ്റലുകളിലോ സ്കൂൾ കെട്ടിടങ്ങളിലോ ഉള്ള താൽക്കാലിക സംവിധാനമാകും. താമസസ്ഥലത്തിന്റെ സ്വഭാവം എന്തയാലും താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക:

**1. സുരക്ഷ ഉറപ്പാക്കൽ:** കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കിയിട്ടുള്ള സ്ഥലത്ത് മാത്രമേ തങ്ങാവൂ എന്നതാ

ണ് പരമപ്രധാനമായ കാര്യം. ഇതുസംബന്ധിച്ച് യാത്രക്ക് നേതൃത്വം നൽകുന്നവർ അറിഞ്ഞിരിക്കേണ്ട നിരവധി വസ്തുതകളുണ്ട്. അവ പിന്നാലെ വിശദീകരിക്കാം.

**2. സൗകര്യം:** കുട്ടികൾക്ക് വിശ്രമവും സ്വകാര്യതയും ഉറപ്പുള്ള സ്ഥലങ്ങൾ വേണം താമസത്തിന് തെരഞ്ഞെടുക്കാൻ. സുരക്ഷക്കൊപ്പം മതിയായ ശുചിത്വ സംവിധാനങ്ങളും ഉണ്ടാകണം. കുട്ടികൾക്ക് ഭക്ഷണം നൽകുന്നതും ആരോഗ്യകരമായും ശ്രദ്ധയോടെയും വേണം.

**3. ചെലവ്:** താമസസ്ഥലത്തിന് അനുസരിച്ച് ചെലവിൽ വ്യത്യാസം വരാം. മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധിക്കുമ്പോൾ തന്നെ സ്കൂളിലെ വിദ്യാർഥികളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുവേണം ചെലവ് നിശ്ചയിക്കാൻ. സുരക്ഷാകാര്യങ്ങളൊന്നും ചിന്തിക്കാതെ ഒരു ദീർഘയാത്ര സംഘടിപ്പിക്കുന്നതിലും നല്ലത് അതേ ചെലവിൽ എല്ലാ സുരക്ഷയും ഉറപ്പാക്കി ഒരു ചെറിയ യാത്ര ആസൂത്രണം ചെയ്യുന്നതാണ്.

## സ്കൂൾ വിനോദയാത്രകളിലെ ഉത്തരവാദിത്തം പങ്കുവയ്ക്കൽ

### സ്ഥാപനമേധാവി

സ്കൂൾ വിനോദയാത്രകൾ വിജയകരമായി സംഘടിപ്പിക്കേണ്ടതിന്റെ മുഖ്യ ഉത്തരവാദിത്തം സ്ഥാപനമേധാവിക്കു തന്നെയാണ്. രണ്ടായിരമോ അതിലധികമോ കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ പലപ്പോഴും മാസത്തിൽ ഒന്നിലേറെ യാത്രകൾ സംഘടിപ്പിക്കേണ്ടിവരും. അപ്പോഴെല്ലാം സ്ഥാപനമേധാവിക്ക് അതിന് നേരിട്ട് മേൽനോട്ടം വഹിക്കാൻ കഴിഞ്ഞെന്നു വരില്ല. അപ്പോൾ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. യാത്രകൾ മുൻകൂട്ടി വ്യക്തമായി ആസൂത്രണം ചെയ്യുക, ഒരുമാസം മുമ്പെങ്കിലും എഴുതി തയ്യാറാക്കിയ പദ്ധതി സ്ഥാപന മേധാവിക്ക് സമർപ്പിക്കണം. കൃത്യമായ നടപടിക്രമത്തിലൂടെ തന്നെ വിദ്യാഭ്യാസ വകുപ്പിലെ മേലധികാരികളെ വിവരം ധരിപ്പിക്കുക. രക്ഷാകർത്താക്കളെയും വിവരം നേരത്തെ അറിയിച്ച് അവരിൽനിന്ന് സമ്മതപത്രം എഴുതിവാങ്ങാനും ശ്രദ്ധിക്കണം.

അധ്യാപക ജീവനക്കാരിൽ ഒരാളെ യാത്രയുടെ ലീഡറായി സ്ഥാപന മേധാവി നിയോഗിക്കണം. യാത്രയുടെ വിവരങ്ങൾ യഥാസമയം അറിയിക്കാൻ മറ്റൊരാളെ ചുമതലപ്പെടുത്തുകയും വേണം. യാത്രാസംഘവുമായി സ്ഥാപനമേധാവിക്ക് നിരന്തരം സമ്പർക്കം പുലർത്താൻ കഴിഞ്ഞെന്നുവരില്ല. എന്നാൽ, അടിയന്തര സന്ദർഭങ്ങളിൽ അത് കൂടിയേതീരൂ. അപ്പോൾ വേണ്ട മാർഗനിർദ്ദേശം നൽകാനും കുട്ടികളുടെ മാതാപിതാക്കളുമായും മറ്റ് അധികൃതരുമായും കാര്യങ്ങൾ സംസാരിക്കാനും അദ്ദേഹം സന്നദ്ധനാകണം.

യാത്ര പോയിട്ടുള്ള സംഘത്തെക്കുറിച്ചുള്ള പൂർണവിവരം സ്ഥാപന മേധാവി സൂക്ഷിക്കേണ്ടതാണ്. അധ്യാപകരുടെ പേരും ബന്ധപ്പെടേണ്ട നമ്പറുകളും കരുതണം. വിദ്യാർഥികളുടെ പേരും വിവരവും നിർബന്ധമായും സൂക്ഷിച്ചിരിക്കേണ്ടതാണ്.

### ടൂർ ലീഡർ

എല്ലാ യാത്രകൾക്കും ഒരു ലീഡർ അനിവാര്യമാണ്. അധ്യാപകരിൽ മുതിർന്നയാൾ ലീഡറാകുന്നതാണ് ഉത്തമം. മുമ്പ് രണ്ട് യാത്രകളിലെങ്കിലും ടൂർ ലീഡറുടെ അസിസ്റ്റന്റായി പ്രവർത്തിച്ച അനുഭവം അദ്ദേഹത്തിന് ഉണ്ടാകണം. സന്ദർശന സ്ഥലങ്ങളിൽ മുമ്പ് പോയിട്ടുള്ള അനുഭവവും നല്ലതാണ്. എന്നാൽ, ഇത് പലപ്പോഴും നിർബന്ധമാക്കാനാകില്ല.

യാത്രയുടെ വിജയം ടൂർ ലീഡറുടെ പ്രകടനത്തെ ആശ്രയിച്ചിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. യാത്രയുടെ ദൈർഘ്യം, സന്ദർശനസ്ഥലങ്ങൾ, താമസസൗകര്യം തുടങ്ങി എല്ലാ കാര്യങ്ങളും നിശ്ചയിക്കുന്നതിൽ ടൂർ ലീഡറുടെ അഭിപ്രായങ്ങൾക്ക് വിലകൽപ്പിക്കണം. ഇത്തരത്തിലുള്ള ഉത്തരവാദിത്തങ്ങൾ സഹായികൾക്ക് വീതിച്ച് നൽകാവുന്നതാണ്.

യാത്രയെ സംബന്ധിച്ച വിവരങ്ങൾ വിശദമായി തയ്യാറാക്കി മേലധികാരയുടെ സമ്മതം വാങ്ങേണ്ട ഉത്തരവാദിത്തം ടൂർ ലീഡർക്കാണ്. അതിനുശേഷമാണ് രക്ഷാകർത്താക്കളുടെ സമ്മതം വാങ്ങേണ്ടത്. യാത്രയിൽ പങ്കെടുക്കുന്ന ആൺ-പെൺ വിദ്യാർഥികളുടെ എണ്ണത്തിനനുസരിച്ച് അസിസ്റ്റന്റുമാരെ നിശ്ചയിക്കാം. സുരക്ഷാകാര്യങ്ങൾ ശ്രദ്ധിക്കാൻ ഇവരിൽ ഒരാളെ ചുമതലപ്പെടുത്താം.

യാത്രക്കിടെ വിവരങ്ങൾ കൈമാറാൻ സ്കൂളിൽ മറ്റൊരു അധ്യാപകനെയും നിശ്ചയിക്കണം. യാത്രക്കിടെ അദ്ദേഹവുമായി സമ്പർക്കം പുലർത്തണം. ഇത്തരത്തിൽ ഒരാളെ നിശ്യിക്കുന്നതുകൊണ്ട് രണ്ട് പ്രയോജനമുണ്ട്. ഓരോദിവസവും യാത്രയുടെ പുരോഗതി നാട്ടിലിരുന്ന്

വിലയിരുത്താനും സുരക്ഷയടക്കമുള്ള കാര്യങ്ങളിൽ നിർദ്ദേശങ്ങൾ നൽകാനും ഈ ചുമലക്കാരന് കഴിയും. ടൂർ ലീഡർക്കും സ്ഥാപന മേധാവിക്കും കുട്ടികളുടെ രക്ഷാകർത്താക്കളിൽനിന്ന് വരുന്ന ഫോൺകോളുകളുടെ ആധിക്യം ഒഴിവാക്കാനുമാകും. പരസ്പരമുള്ള ബന്ധപ്പെടലിനായി നിശ്ചയിച്ചിരിക്കുന്ന അധ്യാപകനാണ് ഇത്തരത്തിലുള്ള ഫോൺകോളുകൾക്ക് മറുപടി പറയേണ്ട ബാധ്യത. അദ്ദേഹത്തിന്റെ പ്രധാന ചുമലകൾ ഇവയാണ്:

1. ടൂർ പ്ലാനിന്റെ പകർപ്പ് കൈവശം സൂക്ഷിക്കുക
2. ടൂർ ലീഡർ, അസിസ്റ്റന്റ് ലീഡർ, യാത്രയിൽ പങ്കെടുക്കുന്ന കുട്ടികൾ എന്നിവരുടെയും ഇവരുടെ അടുത്ത ബന്ധുവിന്റെയും വിവരം കൈവശം കരുതുക
3. എല്ലാ ദിവസവും രാവിലെ ടൂർ ലീഡറുമായി ബന്ധപ്പെട്ട് അന്നത്തെ പരിപാടികൾ സംബന്ധിച്ച് ചോദിച്ചറിയുക
4. ദിവസവും വൈകിട്ട് അന്നത്തെ യാത്രയുടെ വിശദാംശങ്ങൾ ടൂർ ലീഡറിൽ നിന്ന് അറിയുക. അടുത്ത ദിവസത്തെ പരിപാടിയിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടെങ്കിൽ അത് കുറിച്ചെടുക്കുക
5. യാത്രാംഗങ്ങളുടെ ബന്ധുക്കളിൽനിന്നുള്ള ഫോൺകോളുകൾക്ക് മറുപടി നൽകുക
6. സുരക്ഷാപ്രശ്നങ്ങളോ മറ്റോ നേരിടുമ്പോൾ ടൂർ ലീഡർക്കും സ്ഥാപനമേധാവിക്കുമിടയിൽ ആശയവിനിമയത്തിനായി പ്രവർത്തിക്കുക
7. മികച്ച അടിസ്ഥാന സൗകര്യങ്ങളുള്ള സ്കൂൾ ആണെങ്കിൽ ഇക്കാര്യങ്ങളെല്ലാം വെബ്സൈറ്റിൽ യഥാസമയം പുതുക്കുക

**അസിസ്റ്റന്റ് ടൂർ ലീഡർ**

സ്കൂളിൽനിന്നുള്ള യാത്രകളുടെയെല്ലാം നടത്തിപ്പ് ചുമതല അധ്യാപകർക്കാകണം. ഒരു കാരണവശാലും ഈ ചുതമല ട്രാവൽ ഏജൻസികൾക്കോ പുറത്തുള്ള മറ്റാർക്കെങ്കിലുമോ കൈമാറരുത്. ടൂർ ലീഡറെക്കൂടാതെ വിദ്യാർഥികളെ നിയന്ത്രിക്കാനും മറ്റ് ഉത്തരവാദിത്തങ്ങൾ നിറവേറ്റാനും അസിസ്റ്റന്റ് ടൂർ ലീഡർമാർ ഉണ്ടാകണം. കുട്ടികളും അധ്യാപകരും തമ്മിലുള്ള അനുപാതം ഇപ്രകാരമാണ്:

അഞ്ച് മുതൽ പത്ത് വയസ്സുവരെ– എട്ട് കുട്ടികൾക്ക് ഒരു അധ്യാപകൻ

പത്തു മുതൽ 14 വയസ്സുവരെ– 12 കുട്ടികൾക്ക് ഒരു അധ്യാപകൻ

14 മുതൽ 18 വയസ്സുവരെ– 15 കുട്ടികൾക്ക് ഒരു അധ്യാപകൻ

യാത്രക്ക് പെൺകുട്ടികളും ഉണ്ടെങ്കിൽ അധ്യാപികമാരുടെ എണ്ണവും ഈ അനുപാതത്തിലാകണം. കുട്ടികളുടെ രക്ഷാകർത്താക്കളോ സഹായികളോ ഉണ്ടെങ്കിൽ ഒപ്പം കൂട്ടാം. ഒരിക്കലും മറ്റേതെങ്കിലും കുടുംബങ്ങളെയോ പുറത്തുനിന്നുള്ളവരെയോ യാത്രയിൽ പങ്കെടുപ്പിക്കരുത്.

പണം സൂക്ഷിക്കുക, സമയക്രമം പാലിക്കുക, സുരക്ഷാകാര്യങ്ങൾ ശ്രദ്ധിക്കുക തുടങ്ങിയ ചുമതലകൾ ടൂർ ലീഡർമാർക്ക് അസിസ്റ്റന്റുമാരെ ഏൽപ്പിക്കാം.

സുരക്ഷയും പ്രഥമ ശുശ്രൂഷയും ഒരാളെ പ്രത്യേകം ഏൽപ്പിക്കണം. യാത്രയിലുടനീളം സുരക്ഷാകാര്യങ്ങൾ ഇദ്ദേഹമാണ് ശ്രദ്ധിക്കേണ്ടത്. പ്രഥമശുശ്രൂഷ നൽകാനും മറ്റുമുള്ള പരിശീലനവും സിദ്ധിച്ചിരിക്കണം. പ്രഥമശുശ്രൂഷയ്ക്കുള്ള അവശ്യസാധനങ്ങളടങ്ങിയ കിറ്റ് കരുതണം.

**യാത്രാച്ചെലവ്**

സ്കൂൾ യാത്രകളുടെ ചലവ് നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കും. എല്ലാ ചെലവും തിട്ടപ്പെടുത്തി സമഗ്രമായി വേണം യാത്രയുടെ ബജറ്റ് തയ്യാറാക്കേണ്ടത്. പ്രധാനമായും ഇക്കാര്യങ്ങളാണ് ഉൾപ്പെടുന്നത്:

1. യാത്രാമാർഗത്തിനുള്ള (വാഹനം) ചെലവ്
2. താമസ സൗകര്യം
3. ഭക്ഷണം
4. സന്ദർശകപാസുകൾ
5. അവിചാരിതമായ വന്നേക്കാവുന്ന മറ്റ് ചെലവുകൾ (10 ശതമാനം)

അധികച്ചെലവ് വരാതെ ശ്രദ്ധിക്കണമെങ്കിലും മുൻകൂട്ടി ചെലവ് നിശ്ചയിക്കുമ്പോൾ കടുംപിടിത്തം അരുത്. അത് പലപ്പോഴും ബുദ്ധിമുട്ട് സൃഷ്ടിക്കും. ഏതെങ്കിലും സാഹചര്യത്തിൽ പണം തികയാതെ വന്നാൽ ചെയ്യേണ്ട കാര്യം നേരത്തെ പറഞ്ഞല്ലോ. പലകാര്യങ്ങളിലും വിട്ടുവീഴ്ച ചെയ്ത് യാത്ര എങ്ങനെയെങ്കിലും പൂർത്തിയാക്കുന്നതിന് പകരം യാത്രുടെ ദൈർഘ്യം കുറയ്ക്കുക.

**സന്ദർശന പദ്ധതി തയ്യാറാക്കുമ്പോൾ**

വളരെ വിശദമായ ടൂർ പ്ലാൻ മുൻകൂട്ടി തയ്യാറാക്കണം. യാത്രയുടെ ലക്ഷ്യങ്ങൾ, സന്ദർശിക്കേണ്ട സ്ഥലങ്ങൾ, ചെലവാക്കാവുന്ന പണം തുടങ്ങിയ കാര്യങ്ങളെല്ലാം മനസിൽവച്ചാകണം ഇത്. ടൂർ ലീഡറുടെയും അംഗങ്ങളുടെയും വിവരങ്ങളും താമസ സൗകര്യവും ചെലവിന്റെ വിശദാംശവും പ്ലാനിൽ ഉൾപ്പെടുത്തണം. ഒരു മാതൃകാ യാത്രാപദ്ധതി അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

**രക്ഷാകർത്താക്കളുടെ സമ്മതം വാങ്ങൽ**

യാത്രാപദ്ധതി തയ്യാറായിക്കഴിഞ്ഞാൽ കുട്ടികളുടെ രക്ഷാകർത്താക്കളെ വിവരം അറിയിക്കണം. ഇതിനായി പിടിഎ യോഗം വിളിക്കാം. അല്ലെങ്കിൽ സ്കൂൾ മേധാവി ഔപചാരികമായി കത്തയക്കണം. കത്തിന്റെ മാതൃക അനുബന്ധത്തിലുണ്ട്.

യാത്രാപദ്ധതി സംബന്ധിച്ച് വിലയിരുത്തി അഭിപ്രായ പ്രകടനങ്ങൾക്കുശേഷം സ്വന്തം കുട്ടിയെ അയക്കണോ എന്ന കാര്യത്തിൽ രക്ഷാകർത്താക്കളാണ് തീരുമാനമെടുക്കേണ്ടത്. കുട്ടിയെ അയക്കുകയാണെങ്കിൽ അതിനുള്ള സമ്മതപത്രം ഒപ്പിട്ട് സ്ഥാപന മേധാവിക്ക് കൈമാറണം.

യാത്ര പുറപ്പെടുന്നതിന് ഒരാഴ്ച മുമ്പെങ്കിലും കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ രക്ഷാകർത്താക്കൾ ടൂർ ലീഡറെ അറിയിച്ചിരിക്കണം. കുട്ടികളുടെ ഭക്ഷണരീതി, അലർജി മുതലായ രോഗങ്ങൾ, മരുന്ന് നൽകുന്നുണ്ടെങ്കിൽ അതുസംബന്ധിച്ച വിവരം ഇവയെല്ലാം ധരിപ്പിക്കണം. അത്യവശ്യ സന്ദർഭങ്ങളിൽ തങ്ങളെ ബന്ധപ്പെടേണ്ട വിലാസവും ഫോൺനമ്പറും രക്ഷാകർത്താക്കൾ ടൂർ ലീഡറെ ഏൽപ്പിക്കണം.

**പണം കൈകാര്യം ചെയ്യുന്നവിധം**

സുരക്ഷ കണക്കിലെടുക്കുമ്പോൾ, കൂടുതൽ പണം കൈയിൽ കരുതാതിരിക്കുന്നതാണ് ഉത്തമം. എടിഎം അടക്കമുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്താം. ടൂർ ഫണ്ടിന്റെ പകുതി ടൂർ ലീഡറുടെ അക്കൗണ്ടിൽ നിക്ഷേപിച്ചശേഷം ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ് നല്ലത്. കൈവശം കരുതുന്ന പണം ടൂർ ലീഡറും സഹായികളും വീതിച്ച് കൈവശം വയ്ക്കണം. പക്ഷേ, ചെലവ് സംബന്ധിച്ച കണക്കുകൾ ഒരാൾ തന്നെ ആദ്യന്തം എഴുതി സൂക്ഷിക്കണം.

**യാത്രയുടെ ഇൻഷുറൻസ് പരിരക്ഷ**

ഇന്ത്യയിൽ യാത്രാ ഇൻഷുറൻസ് അത്ര സാധാരണമല്ല. എങ്കിലും പുതുതായി ഏതെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് സ്കൂൾ അധികൃതർക്ക് പ്രാദേശിക ഇൻഷുറൻസ് ഏജൻസിയെ സമീപിച്ച് വ്യക്തത വരുത്താം. വൈദ്യസഹായം, ലഗേജ് തുടങ്ങിയ പല കാര്യങ്ങളും ഇൻഷുർ ചെയ്യാം.

**യാത്രാസംഘത്തിന്റെ സംഘാടനം**

താഴെപ്പറയുന്ന രീതി അനുസരിച്ചാണ് യാത്രാസംഘത്തെ അണിനിരത്തേണ്ടത്.

1. ആദ്യം കുട്ടികളെ മുഴുവൻ രണ്ടംഗ സംഘമായി തിരിക്കണം. യാത്രയിലുടനീളം ഈ കുട്ടികൾ പരസ്പരം ശ്രദ്ധിക്കണം.
2. ഇത്തരം രണ്ടംഘ സംഘങ്ങളെ കൂട്ടിച്ചേർത്ത് ചെറിയ സംഘങ്ങളാക്കാം. അവയ്ക്ക് പല പേരുകൾ നൽകാം. ഇത്തരത്തിലുള്ള ഓരോ സംഘത്തിന്റെയും നേതൃത്വവും ചുമതലയും ഒരു അധ്യാപനെ ഏൽപ്പിക്കണം.
3. യാത്ര പുറപ്പെട്ടുകഴിഞ്ഞാൽ എല്ലാത്തിന്റെയും അവസാന വാക്ക് ടൂർ ലീഡറാണ്.

**ഒപ്പം കൊണ്ടുപോകേണ്ട വസ്തുക്കൾ (കൊണ്ടുപോകരുതാത്തതും)**

യാത്രയിൽ ഒപ്പം കരുതേണ്ട വസ്തുക്കളെല്ലാം എടുത്തെന്ന് പുറപ്പെടുംമുമ്പ് ഉറപ്പാക്കണം. വളരെ അത്യാവശ്യമുള്ള സാധനങ്ങളുടെ പട്ടിക അനുബന്ധത്തിൽ.

യാത്രയ്ക്ക് പൊതുവിലും വ്യക്തിപരമായും ആവശ്യമുള്ള എല്ലാ സാധനസാമഗ്രികളും എടുത്തെന്ന് ഉറപ്പാക്കേണ്ടതുണ്ട്. രണ്ട് പ്രധാനകാര്യങ്ങൾ കൊണ്ടുപോകാൻ വിട്ടുപോകരുത്. ടൂർ ഫ്ളാഗും ടോർച്ച്ലൈറ്റുമാണത്. ഒന്നര മീറ്ററോളം നീളമുള്ള വടിയിലാകണം പതാക കെട്ടേണ്ടത്. തിരക്കുള്ള സ്ഥലങ്ങളും മറ്റും സന്ദർശിക്കുമ്പോൾ ടൂർ ലീഡറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റാരെങ്കിലുമോ പതാക ഉയർത്തിപ്പിടിക്കണം. തിരക്കിൽ കൂട്ടംതെറ്റിപ്പോയവർക്ക് മടങ്ങിയെത്താൻ ഇത് സഹായകമാകും. അത്യാവശ്യ സന്ദർഭങ്ങളിൽ ഉയോഗിക്കാൻ സജ്ജമായ തരത്തിൽ ടോർച്ച്ലൈറ്റ് ചാർജ്ചെയ്ത് സൂക്ഷിക്കണം.

യാത്രയിൽ കൊണ്ടുപോകരുതാത്ത വസ്തുക്കളുമുണ്ട്. സ്വർണാഭരണങ്ങൾ, വിലപിടിപ്പുള്ള ക്യാമറയും മൊ

ബൈൽഫോണും, അധികം പണം, മദ്യം, മയക്കുമരുന്ന്, ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങൾ തുടങ്ങിയവ ഒഴിവാക്കണം.

മൊബൈൽ ഫോണുകൾ സർവസാധാണമായതിനാൽ യാത്രക്കിടെ രക്ഷാകർത്താക്കളുമായി കുട്ടികൾക്ക് നിരന്തരം ബന്ധപ്പെടാൻ കഴിയും. ഇതിന് ഗുണവും ദോഷവും ഒരുപോലെ ഉള്ളതിനാൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തുക അസാധ്യമാണ്. എന്നാൽ, പലപ്പോഴും മൊബൈൽഫോൺ 'ഔട്ട് ഓഫ് റേഞ്ച്' ആകാനും സ്വിച്ച്ഓഫ് ആകാനും ഇടയുള്ളതിനാൽ രക്ഷാകർത്താക്കൾ ആശങ്കയിലാകാൻ സാധ്യതയുണ്ട്. ഇത് ഒഴിവാക്കാൻ യാത്രയിൽ കൊണ്ടുപോകുന്ന ഫോണുകളുടെ എണ്ണം കുറയ്ക്കുക. സ്കൂളിൽ ആശയവിനിമയത്തിനായി ചുമതപ്പെടുത്തിയിരിക്കുന്ന അധ്യാപകനെ ടൂർ ലീഡർ അതത് സമയം വിവരം ധരിപ്പിക്കുകയും രക്ഷാകർത്താക്കൾ അദ്ദേഹവുമായി ബന്ധം പുലർത്തുകയും ചെയ്യുകയെന്നതാണ് നല്ല രീതി. ഹോട്ടലുകളിൽഎത്തുമ്പോൾ അവിടത്തെ സൗകര്യം ഉപയോഗിച്ചും ടൂർ ലീഡറുടെയും മറ്റ് അധ്യാപകരുടെയും മൊബൈൽഫോണുകൾ വഴിയും കുട്ടികൾക്ക് വീട്ടിൽ ബന്ധപ്പെടാം.

**യാത്ര പുറപ്പെടുമ്പോഴും മടങ്ങിയെത്തുമ്പോഴും ഒത്തുചേരേണ്ട സ്ഥലം**

മിക്കപ്പോഴും ബസ് സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും മറ്റുമാണ് രക്ഷകർത്താക്കൾ കുട്ടികളുമായി എത്തുന്നത്. മടങ്ങിയെത്തുന്നവരെ സ്വീകരിക്കുന്നതും ഇവിടങ്ങളിലാകാം. പക്ഷേ, സുരക്ഷാപ്രശ്നങ്ങൾ കണക്കിലെടുത്താൽ ഇത് നല്ലൊരു രീതിയല്ല. എല്ലായ്പ്പോഴും യാത്ര പുറപ്പെടേണ്ടത് സ്കൂളിൽനിന്നു തന്നെയാകണം. സ്കൂൾമുറ്റത്താകണം അധ്യാപകരും രക്ഷാകർത്താക്കളും വിദ്യാർഥികളും യാത്രക്കായി ഒത്തുകൂടേണ്ടത്. ഇതുകൊണ്ട് പല നേട്ടവുമുണ്ട്.

1. യാത്രയിൽ പങ്കെടുക്കുന്ന കുട്ടികളുടെ മുഴുവൻ തലയെണ്ണാനും അവരുടെ വിവരങ്ങളും മറ്റ് അവശ്യവസ്തുക്കളും സജ്ജമാക്കി യാത്ര പുറപ്പെടാനുമാകും.
2. ബസ്സ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും മറ്റുമുള്ള തിരിക്കിനിടയിലെ ആശയക്കുഴപ്പം ഒഴിവാക്കാം.
3. എയർപോർട്ടിലും റെയിൽവേ സ്റ്റേഷനിലും മറ്റും ലഗേജുകൾ തരംതിരിക്കുന്നത് ഒഴിവാക്കാം.
4. കുട്ടികളെ രക്ഷാകർത്താക്കൾക്ക് തികച്ചും ശാന്തമായ അന്തരീക്ഷത്തിൽ മടക്കിയേൽപ്പിക്കാനും നല്ലത് സ്കൂൾമുറ്റം തന്നെയാണ്.

# അധ്യായം 2
# സുരക്ഷാപ്രശ്നങ്ങൾ

മുമ്പ് സൂചിപ്പിച്ചപോലെ യാത്രയുടെ ഉദ്ദേശ്യവും ദൈർഘ്യവും സന്ദർശന സ്ഥലങ്ങളും എന്തായാലും കുട്ടികളുടെ സുരക്ഷയ്ക്കാണ് പ്രഥമ പരിഗണന നൽകേണ്ടത്. യാത്രക്കിടെ ഉണ്ടാകുന്ന സുരക്ഷാഭീഷണി വലുതായാലും ചെറുതായാലും കുട്ടികളുടെ മനസ്സിനെ അലോസരപ്പെടുത്തും. പലരിലും ഏറെക്കാലത്തേക്ക് അവ മാനസിക ആഘാതം സൃഷ്ടിക്കുകയും ചെയ്തേക്കാം. അതുകൊണ്ട് ദീർഘകാല അടിസ്ഥാനത്തിൽ കുട്ടികളുടെ മാനസികഘടന രൂപപ്പെടുത്തുന്ന പ്രശ്നമായി സുരക്ഷയെ കാണണം.

യാത്ര പുറപ്പെടുന്നതിന് മുമ്പ് കുട്ടികളുടെ യോഗം കൂടണം. യാത്രയുടെ വിശദാംശം അവരുമായി പങ്കുവയ്ക്കണം. തുടർന്ന് ടൂർ ലീഡറെയും അസിസ്റ്റന്റ് ലീഡർമാരെയും പരിചയപ്പെടുത്തുക. സുരക്ഷയുടെ ചുമതലയുള്ള അധ്യാപകൻ അതുസംബന്ധിച്ച കാര്യങ്ങൾ വിശദീകരിക്കണം. കുട്ടികളെ രണ്ടംഗ സംഘമായി (ബഡ്ഡി സിസ്റ്റം) തിരിക്കേണ്ടതും ഈ യോഗത്തിലാണ്.

രണ്ടു കുട്ടികളെ പരസ്പം ബഡ്ഡികളാക്കി നിശ്ചയിക്കുന്നത് സുരക്ഷ ഉറപ്പാക്കാനും യാത്രയുടെ വിജയത്തിനും മികച്ച മാർഗമാണ്. യാത്രയിലുടനീളം ഒരോ കുട്ടിക്കും മറ്റൊരു കുട്ടിയുടെ ചുമതലയുണ്ടാകും. സുഹൃത്ത് സമയത്ത് ബസിൽ കയറാൻ എത്തുന്നുണ്ടോ, കൃത്യമായി ഭക്ഷണം കഴിക്കുന്നുണ്ടോ, സന്ദർശനസ്ഥലത്തുനിന്ന് വാഹനത്തിൽ കയറിയോ തുടങ്ങിയ കാര്യങ്ങളെല്ലാം ബഡ്ഡികൾ പരസ്പരം ശ്രദ്ധിക്കണം. അധ്യാപകരുടെ മേൽനോട്ടത്തിനു പുറമെ ഇത് അധിക സുരക്ഷ ഉറപ്പാക്കും.

ബഡ്ഡിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്ക് നൽകേണ്ടതാണ്. കേരളത്തിന്റെ സംസ്കാരത്തിൽ ആൺകുട്ടികളെയും പെൺകുട്ടികളെയും വെവ്വേറെ ബഡ്ഡികളാക്കുയാണ് നല്ലത്.

### വാർഡൻ സമ്പ്രദായം

കുട്ടികളെ ബഡ്ഡികളായി തിരിച്ചശേഷം വാർഡന്മാർക്കു കീഴിൽ വിവിധ സംഘങ്ങളാക്കണം. അസിസ്റ്റന്റ് ടൂർ ലീഡർമാരോ മറ്റ് അധ്യാപകരോ ആകണം വാർഡനമാരാകേണ്ടത്. ഒരു വാർഡനു കീഴിൽ എട്ടു മുതൽ 15 വരെ കുട്ടികളെ ഉൾപ്പെടുത്താം. തങ്ങളുടെ വാർഡൻ ആരാണെന്ന് സംഘാംഗങ്ങൾക്ക് വ്യക്തതയുണ്ടായിരിക്കണം. യാത്രയിലുടനീളം തന്റെ സംഘാംഗങ്ങളുമായി വാർഡൻ അടുത്ത ബന്ധം പുലർത്തണം. കുട്ടികൾ അവരുടെ പ്രശ്നങ്ങൾ വാർഡനെയാണ് അറിയിക്കേണ്ടത്. പ്രശ്നത്തിന്റെ ഗൗരവം അനുസരിച്ച് സുരക്ഷാചുമലക്കാരന്റെയോ ടൂർ ലീഡറുടെയോ സഹായം വാർഡന് അഭ്യർഥിക്കാം.

### യാത്രാംഗങ്ങളെ തിരിച്ചറിയാൻ

യാത്രയിലെ അംഗങ്ങൾക്കെല്ലാം എളുപ്പത്തിൽ തിരിച്ചറിയാൻ കഴിയുംവിധം അനുപമമായ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നത് നല്ലതാണ്. കുട്ടികൾ സ്കൂൾ യൂണിഫോം ധരിക്കുന്നത് പ്രാദേശികമായ വിനോദയാത്രകൾക്ക് അഭികാമ്യമായ രീതിയാണ്. എന്നാൽ, പല സ്കൂളുകൾക്കും സമാനമായ യൂണിഫോമുകൾ ഉള്ളതിനാൽ ദീർഘദൂര യാത്രകൾക്ക് ഇത് ഫലപ്രദമായേക്കില്ല. ഏതെങ്കിലും നിറത്തിലുള്ള ബാഡ്ജ് കുട്ടികൾക്ക് നൽകുകയാണ് കൂടുതൽ അഭികാമ്യം. സ്കൂളിന്റെ പേര് രേഖപ്പെടുത്തിയ പതാക ടൂർ ലീഡർ വഹിക്കുന്നതും നന്നായിരിക്കും. യാത്രാംഗങ്ങളുടെ ലഗേജ് ഒരുപോലുള്ള വള്ളികൊണ്ട് ബന്ധിപ്പിക്കുന്നത് നല്ലതാണ്.

### സുരക്ഷാ ചുമതല

മുൻ അധ്യായത്തിൽ വിവരിച്ചപോലെ യാത്ര ആരംഭിക്കുന്നതിന് മുമ്പുതന്നെ സുരക്ഷയുടെ ചുമതല ഒരു അധ്യാപനെ ഏൽപ്പിക്കണം. പ്രഥമ ശുശ്രൂഷ നൽകാൻ പരിശീലനം സിദ്ധിച്ച ഇദ്ദേഹം അതിനാവശ്യമായ സാമഗ്രികൾ കരുതണം. സന്ദർശന സ്ഥലങ്ങളിൽ പെരുമാറേണ്ട രീതി ഉൾപ്പെടെ കുട്ടികൾക്ക് നിർദ്ദേശം നൽകേണ്ടത് സുരക്ഷാചുമതലയുള്ള ആളാണ്. അദ്ദേഹത്തിന്റെ നിർദ്ദേശം ടൂർ ലീഡർ അടക്കം അനുസരിക്കാൻ ബാധ്യസ്ഥനാണ്.

### സുരക്ഷാപ്രശ്നങ്ങൾ

ആരോഗ്യം, സുരക്ഷ, സംരക്ഷണം തുടങ്ങി വിവിധ മേഖലകളിൽ വിനോദയാത്രകൾക്കിടെ പ്രതിസന്ധികൾ ഉണ്ടാകാനിടയുണ്ട്. ഇവ മൂന്ന് അധ്യായങ്ങളിലായാണ്

ഈ പുസ്തകത്തിൽ വിവരിക്കുന്നത്. മനഃപ്പൂർവമല്ലാതെയാണെങ്കിലും കുട്ടികൾക്ക് ദോഷകരമാകുന്ന കാര്യങ്ങളാണ് സുരക്ഷാപ്രശ്നങ്ങളായി കണക്കാക്കുന്നത്. അത്തരത്തിലുള്ള പ്രധാന പ്രശ്നങ്ങൾ:

1. സഞ്ചരിക്കുന്നതിനിടെ ഉണ്ടാകുന്നവ
2. വനമേഖലയിലേക്കും വന്യജീവി സങ്കേതങ്ങളിലേക്കുമുള്ള യാത്ര
3. കളിസ്ഥലങ്ങളിലും അമ്യൂസ്മെന്റ് പാർക്കിലും ഉണ്ടാകുന്ന അപകടങ്ങൾ
4. താമസസ്ഥലത്തെ സുരക്ഷ
5. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ
6. വ്യവസായ സ്ഥാപനങ്ങളിലെ സുരക്ഷ

**സഞ്ചാരത്തിനിടെയുള്ള സുരക്ഷാപ്രശ്നങ്ങൾ:**

**റോഡ് മാർഗം:** സ്കൂൾയാത്രക്കിടെ നിങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് റോഡ് മാർഗമുള്ള യാത്രയായിരിക്കും. റോഡിന്റെ നിലവാരം, വാഹനത്തിന്റെ അവസ്ഥ, ഡ്രൈവറുടെ സ്വഭാവം, കുട്ടികളുടെ പെരുമാറ്റം തുടങ്ങിയവയെല്ലാം സുരക്ഷാപ്രശനങ്ങൾ ഉയർത്താം.

**റോഡിന്റെ സ്ഥിതി:** റോഡിന്റെ നിലവാരം നമ്മുടെ നിയന്ത്രണത്തിൽ പെടാത്തതിനാൽ മോശം റോഡുകളിലൂടെയുള്ള യാത്ര ഒഴിവാക്കുകയേ മാർഗമുള്ളൂ. അത്രത്തോളം മോശമായ പാതയാണെങ്കിൽ ചില സ്ഥലങ്ങളിലേക്കുള്ള യാത്ര തന്നെയും ഒഴിവാക്കുന്നതാണ് ഉത്തമം. മഴക്കാലത്തും മൂടൽമഞ്ഞുള്ളപ്പേഴും രാത്രിയിലും മറ്റും ചില റോഡുകൾ കൂടുതൽ അപകടകരമായേക്കാം. ഉദാഹരണം മൂന്നാറിലേക്കുള്ള യാത്ര.

**വാഹനത്തിന്റെ അവസ്ഥ:** പോകേണ്ട സ്ഥലങ്ങൾക്ക് അനുയോജ്യമായ വാഹനമാകണം തെരഞ്ഞെടുക്കേണ്ടത്. സ്കൂൾ ബസുകൾ പലപ്പോഴും വിനോദയാത്രക്ക് അനുയോജ്യമാകാം. എന്നാൽ, ഹൈറേഞ്ച് പോലുള്ള മേഖലകളിലേക്കുള്ള യാത്രക്ക് സ്കൂൾ ബസുകൾ ഉപയോഗിക്കരുത്. അന്തർസംസ്ഥാന യാത്രകൾക്കുള്ള പെർമിറ്റും സ്കൂൾബസുകൾക്ക് ഉണ്ടാവില്ല. ഇത്തരത്തിലുള്ള വാഹനരേഖകളെല്ലാം കൃത്യമാക്കിയശേഷമേ യാത്ര പുറപ്പെടാവൂ. യാത്രക്ക് മുമ്പ് വാഹനം പരിശോധിച്ച് വേണ്ട അറ്റകുറ്റപ്പണി നടത്താൻ നിർദ്ദേശിക്കാനും മറക്കരുത്. ബസിന്റെ എമർജൻസി വാതിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉറപ്പാക്കണം. അടിയന്തിരഘട്ടത്തിൽ വാതിൽ തുറക്കേണ്ടവിധം വിദ്യാർഥികളെ പഠിപ്പിക്കണം. ഡീസൽ പോലുള്ള കത്തുന്ന ഇന്ധനങ്ങളും മറ്റും വാഹനത്തിൽ സൂക്ഷിക്കുന്നതും ഒഴിവാക്കണം.

വാഹത്തിൽ കൊണ്ടുപോകാവുന്ന ആളുകളുടെ എണ്ണവും നേരത്തെ തിട്ടപ്പെടുത്തണം. അവസാന നിമിഷത്തിൽ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തിയാൽ ഈ കണക്കുകൂട്ടലെല്ലാം തെറ്റും.

**ഡ്രൈവറുടെ പെരുമാറ്റം:** ടൂർ ലീഡർക്കും സുരക്ഷാചുമതലക്കാരനുമൊപ്പം ഡ്രൈവർക്കും യാത്രയിൽ നിർണായക പങ്കുണ്ട്. ഡ്രൈവറുടെ സൗകര്യങ്ങളും വിശ്രമവും ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏറെ സമയം തുടർച്ചയായും രാത്രിയിലുമുള്ള ഡ്രൈവിങ് അപകടസാധ്യത വർധിപ്പിക്കും.

1. ഒരുദിവസം 12 മണിക്കൂറിൽ കൂടുതൽ ഡ്രൈവറെ വാഹനം ഓടിക്കാൻ സനുവദിക്കരുത്
2. രാത്രി ഏഴിനും രാവിലെ ആറിനുമിടെ ഡ്രൈവിങ് ഒഴിവാക്കുക
3. ഓരോ മൂന്ന് മണിക്കൂർ പിന്നിടുമ്പൊഴും വാഹനം നിർത്തിച്ച് ഡ്രൈവർക്ക് 15 മിനിട്ട് വിശ്രമം നൽകുക

ഡ്രൈവറുടെ പെരുമാറ്റം സുരക്ഷാചുമതലയുള്ള അധ്യാപകൻ ഇടയ്ക്കിടെ ശ്രദ്ധിക്കണം. എന്തെങ്കിലും ക്ഷീണം ഉള്ളതായി തോന്നിയാൽ വാഹനം നിർത്തിച്ച് അധിക വിശ്രമം നൽകണം. സമയക്കുറവ് പരിഹരിക്കാനായി വാഹനം വേഗത്തിൽ വിടാനോ ഓവർടേക്ക് ചെയ്യാനോ ഡ്രൈവറെ നിർബന്ധിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യരുത്. ഡ്രൈവർ മദ്യപിക്കുന്നത് ആരുടെയെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ സുരക്ഷാച്ചുമതലക്കാരനെ അറിയിക്കണം.

**കുട്ടികളുടെ പെരുമാറ്റം:** യാത്രക്കാരുടെ വിവേകശൂന്യമായ പെരുമാറ്റവും പലപ്പോഴും അപകടങ്ങൾക്ക് വഴിവയ്ക്കുന്നു. ഫുട്ബോർഡിൽ നിൽക്കാനോ കൈകൾ പുറത്തിടാനോ കുട്ടികളെ അനുവദിക്കരുത്. സീറ്റ് ബെൽറ്റ് ഉണ്ടെങ്കിൽ നിർബന്ധമായും ധരിക്കാൻ ആവശ്യപ്പെടുക. യാത്രക്കിടെ എന്തെങ്കിലും കാഴ്ചകൾ കണ്ട് കുട്ടികൾ അമിതാവേശം കാട്ടുന്നതും ശ്രദ്ധിക്കുക.

## ട്രെയിൻ യാത്രയിലെ സുരക്ഷ

ബസ് യാത്രയുമായി തട്ടിച്ചുനോക്കിയാൽ ട്രെയിൻ യാത്ര ഏറെ സുരക്ഷിതമാണ്. ചില മുൻകരുതലുകൾ:

1. മുൻകൂട്ടി സീറ്റ് റിസർവ് ചെയ്യുക
2. യാത്രക്കാരെല്ലാം തിരിച്ചറിയൽ രേഖ കരുതണം
3. പുറപ്പെടുന്നതിന് അരമണിക്കൂർ മുമ്പെങ്കിലും എല്ലാ അംഗങ്ങളും റെയിൽവേ സ്റ്റേഷനിലെത്തുക
4. അഞ്ച് മിനിട്ടിൽ കുറച്ചുസമയം മാത്രം ട്രെയിൻ നിർത്തുന്ന സ്റ്റേഷനിൽനിന്നാണ് യാത്രപുറപ്പെടുന്നതെങ്കിൽ സ്റ്റേഷൻ മാസ്റ്ററെ മുൻകൂട്ടി വിവരം അറിയിക്കണം. അദ്ദേഹം വേണ്ട ക്രമീകരണങ്ങൾ ചെയ്തുതരും
5. ട്രെയിൻ പുറപ്പെടുംമുമ്പ് എല്ലാവരും ഉള്ളിൽ കയറിയിരിക്കണം
6. ട്രെയിൻ പുറപ്പെട്ടശേഷം ചാടിക്കയറാൻ ശ്രമിക്കരുത്
7. എല്ലാവരും കയറിയെന്നും അതാത് കമ്പാർട്ട്മെന്റുകളിൽ ഉണ്ടെന്നും സുരക്ഷയുടെ ചുമതലക്കാരൻ ഉറപ്പാക്കണം
8. വാതിലുകളും ടോയ്ലറ്റും മറ്റും സുരക്ഷിതമാണെന്ന് ഉറപ്പാക്കണം
9. വാതിലിൽനിന്ന് യാത്രചെയ്യാൻ ആരെയും അനുവദിക്കരുത്
10. ഇരുപത് മിനിട്ടെങ്കിലും സ്റ്റോപ്പില്ലാത്ത സ്റ്റേഷനിൽ യാത്രക്കിടെ വിദ്യാർഥികളെ ഇറങ്ങാൻ അനുവദിക്കരുത്
11. ഓരോ സ്റ്റേഷനിൽനിന്ന് ട്രെയിൻ പുറപ്പെടുമ്പോഴും സംഘാംഗങ്ങൾ എല്ലാവരും ഉണ്ടെന്ന് ഉറപ്പാക്കുക. ബഡ്ഡി–വാർഡൻ–ലീഡർ സമ്പ്രദായം ഇതിന് സഹായിക്കും
12. ഇറങ്ങേണ്ട സ്റ്റേഷനിൽ മറ്റ് യാത്രക്കാർ ഇറങ്ങിയശേഷം ലഗേജുകളെല്ലാം എടുത്ത് ധൃതികാട്ടാതെ ഇറങ്ങുക

## ബോട്ട്, കപ്പൽ യാത്രയിലെ സുരക്ഷ

ജലമാർഗമുള്ള യാത്ര അത്രത്തോളം സുരക്ഷാപ്രശ്നങ്ങൾ ഇല്ലാത്തതും അപകടസാധ്യത കുറഞ്ഞതുമാണ്. കേരളത്തിൽ അടുത്തിടെയുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ ജല വിനോദയാത്രകൾ ഏറെ സജീവമായി ചർച്ചചെയ്യപ്പെട്ടു. എന്നാൽ, മതിയായ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് ഇത്തരം അപകടങ്ങൾ ക്ഷണിച്ചുവരുത്തിയതെന്ന് വ്യക്തമാണ്. അതുകൊണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക:

1. സുരക്ഷാ ജാക്കറ്റുകൾ ആവശ്യത്തിന് ഉണ്ടെന്ന് ഉറപ്പാക്കിയശേഷം മാത്രം ബോട്ടിൽ കയറുക
2. അവരവരുടെ അളവിനനുസരിച്ചുള്ള ജാക്കറ്റ് തെരഞ്ഞെടുക്കുക
3. സർക്കാരിന്റെ ലൈസൻസ് ഉള്ളതും ഉൾക്കൊള്ളാവുള്ള യാത്രക്കാരുടെ എണ്ണം വ്യക്തമായി രേഖപ്പെടുത്തിയിട്ടുമുള്ള ബോട്ടിൽ കയറുക
4. ഓവാർലോഡായ ബോട്ടിൽ ഒരു കാരണവശാലും യാത്രചെയ്യരുത്
5. കനത്ത മഴയും കാറ്റും ഉള്ളപ്പോഴും പകൽവെളിച്ചം കുറവുള്ളപ്പോഴും യാത്ര അരുത്
6. സീറ്റിൽ ഇരിക്കുകയോ ഒരിടത്ത് നിൽക്കുകയോ ചെയ്യുക. ബോട്ടിൽ ഓടിക്കളിക്കുന്നത് അപകടമുണ്ടാക്കും
7. ബോട്ട് സുരക്ഷിതമായി നിർത്തിയശേഷം മാത്രമേ ഇറങ്ങാവൂ. പ്രയാസമുള്ളവർക്ക് സഹായം നൽകണം
8. ബസ് യാത്രയുടെ കാര്യത്തിലെന്ന പോലെ ബോട്ട് ഡ്രൈവറുടെയും ജീവനക്കാരുടെയും പെരുമാറ്റം ശ്രദ്ധിക്കണം. എന്തെങ്കിലും പന്തികേട് തോന്നിയാൽ സുരക്ഷിതമായി വാഹനം ഓടിക്കണമെന്ന് നിർദ്ദേശിക്കുക. അവർ എതിർത്താൽ പുറപ്പെട്ട സ്ഥലത്ത് തങ്ങളെ മടക്കിയെത്തിക്കാൻ ആവശ്യപ്പെടുക
9. ചെറിയ കുട്ടികളുമായുള്ള സ്കൂൾ വിനോദയാത്രകളിൽ ബോട്ട്യാത്ര ഒഴിവാക്കണമെന്നാണ് സർക്കാർ വിജ്ഞാപനത്തിൽ നിർദ്ദേശിക്കുന്നത്

## ആകാശയാത്രയിലെ സുരക്ഷ

അപകടങ്ങൾ പെരുപ്പിച്ച് കാണിക്കുന്ന പ്രവണതയുണ്ടെങ്കിലും വിമാനയാത്ര സുരക്ഷിതമായ മാർഗമാണ്. ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ ഇവയാണ്.

1. യാത്ര പുറപ്പെടുന്നതിന് വളരെ മുമ്പുതന്നെ വിമാനത്താവളത്തിൽ എത്തണം. ആഭ്യന്തര സർവീസിന് ഒരു മണിക്കൂറും വിദേശയാത്രക്ക് രണ്ടു മണിക്കൂറും മുമ്പെത്തുക.
2. കത്തി, കത്രിക തുടങ്ങിയ മൂർച്ചയുള്ള വസ്തുക്കൾ

ബാഗിൽ വയ്ക്കരുത്

3. കുടിവെള്ളമടക്കമുള്ള ദ്രാവകങ്ങളൊന്നും 100 മില്ലീ ലിറ്ററിൽ കൂടുതൽ ബാഗിൽ സൂക്ഷിക്കരുത്

4. സംഘാംഗങ്ങളുടെ ബാഗുകളിലെല്ലാം ഒരുപോലുള്ള വള്ളികളോ അടയാളങ്ങളോ ഉണ്ടെങ്കിൽ ഇറങ്ങാൻനേരമുള്ള ആശയക്കുഴപ്പം ഒഴിവാക്കാം

5. വിമാന ജീവനക്കാരെ മുൻകൂട്ടി അറിയിച്ചാൽ കുട്ടികളെ മറ്റ് യാത്രക്കാർക്ക് മുമ്പ് വിമാനത്തിൽ കയറ്റാനും ലഗേജുകൾ എത്തിക്കാനും അവർ സഹായിക്കും

6. പുകവലിയും ഫോട്ടോഗ്രാഫിയും ഒഴിവാക്കുന്നതടക്കം വിമാനത്താവളത്തിലെയും വിമാനത്തിലെയും ജീവനക്കാരുടെ സുരക്ഷാനിർദ്ദേശങ്ങൾ അക്ഷരംപ്രതി പാലിക്കുക

7. സീറ്റ്ബെൽറ്റ് നിർബന്ധമായും ധരിക്കണം

8. യാത്ര അവസാനിക്കുമ്പോൾ മറ്റ് യാത്രാക്കാർ ഇറങ്ങിയശേഷം മാത്രം കുട്ടികളെ ഇറക്കുക. ഇതിനായി ജീവനക്കാരുടെ സഹായം അഭ്യർഥിക്കാം

**യാത്രാ ആസൂത്രണം**

യാത്രമാർഗം ഏതായാലും കാര്യങ്ങൾ യഥാസമയം സ്കൂളിൽ ആശയവിനിമയത്തിന്റെ ചുമതലയുള്ള അധ്യാപകനെ അറിയിക്കാൻ മറക്കരുത്. അതത് ദിവസത്തെ പരിപാടികളും അതിൽ എന്തെങ്കിലും മാറ്റംവരുത്തിയെങ്കിൽ അതും അറിയിക്കുക. രാത്രി പത്തിനകം അന്നത്തെ വിവരങ്ങൾ കിട്ടിയില്ലെങ്കിൽ സ്കൂളിലുള്ള അധ്യാപകൻ യാത്രയിൽ സുരക്ഷാച്ചുമതലയുള്ള അധ്യാപകനെ വിളിച്ച് കാര്യം തിരക്കണം. ഇതും വിജയിച്ചില്ലെങ്കിൽ സ്ഥാപന മേധാവിയെ വിവരമറിയിക്കുക.

**വനത്തിലൂടെയും സംരക്ഷിത കേന്ദ്രങ്ങളിലൂടെയുമുള്ള യാത്ര**

വനവും വന്യജീവി സങ്കേതങ്ങളും മറ്റും മിക്കപ്പോഴും യാത്രയുടെ ഭാഗമായേക്കാം. വൈകിട്ട് ആറുമണിക്കുശേഷം ഇത്തരം വഴികളിലൂടെയുള്ള യാത്ര ഒഴിവാക്കണം. ചിലപ്പോൾ യാത്രാമദ്ധ്യേ മൃഗങ്ങൾ റോഡിലേക്ക് ഇറങ്ങിവന്ന് മാർഗതടസ്സം സൃഷ്ടിച്ചേക്കാം. അപ്പോൾ കൂടുതൽ ജാഗരൂകരാകണം. ബഹളം വച്ച് മൃഗങ്ങളെ പ്രകോപിപ്പിക്കാനോ അടുത്തേക്ക് ചെന്ന് ഫോട്ടോയെടുക്കാനോ കുട്ടികളെ അനുവദിക്കരുത്.

**കളിസ്ഥലങ്ങളിലും അമ്യൂസ്മെന്റ് പാർക്കുകളിലും**

അശാസ്ത്രീയമായ നിർമാണവും അറ്റകുറ്റപ്പണികളുടെ അഭാവവും മൂലം നമ്മുടെ അമ്യൂസ്മെന്റ് പാർക്കുകളിൽ പലയിടത്തും അപകടം പതിയിരിക്കുന്നുണ്ട്. റൈഡുകളുടെ സുരക്ഷിതത്വം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് സുരക്ഷാ ചുമതലയുള്ള അധ്യാപകന്റെ ജോലിയാണ്. എവിടെയെങ്കിലും അപാകത കണ്ടാൽ ആ റൈഡിൽ കയറാതിരിക്കുക. വൈദ്യുതികൊണ്ട് നേരിട്ട് പ്രവർത്തിപ്പിക്കുന്ന റെയ്ഡുകൾ ഒഴിവാക്കാനാണ് സർക്കാർ നിർദ്ദേശിക്കുന്നത്.

കളിസ്ഥലങ്ങളിൽ ഹെൽമറ്റും പാഡുകളും മറ്റും അണിഞ്ഞ് കുട്ടികൾ സ്വന്തം സുരക്ഷ ഉറപ്പാക്കേണ്ടതാണ്. കായികമത്സരങ്ങൾ കാണാൻ കുട്ടികളെയും കൂട്ടിപ്പോകുമ്പോഴും മുൻകരുതൽ വേണം. അനിയന്ത്രിതമായ തിരക്കിൽ കുട്ടികൾ പെട്ടുപോയാൽ പ്രശ്നമാകും. വിദ്യാർഥികൾക്കായി പ്രത്യേക സംവിധാനം ഒരുക്കാമെന്ന് സംഘാടകർ ഉറപ്പുനൽകിയാലേ അത്തരം മത്സരങ്ങൾക്ക് പേകേണ്ടതുള്ളൂ. അപ്രതീക്ഷിതമായ തിരക്കാണെങ്കിൽ മൈതാനത്ത് കയറാതെ മടങ്ങുന്നതാണ് നല്ലത്. മൃഗശാലയിലും മ്യൂസിയത്തിലും പോകുമ്പോൾ കുട്ടികൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ നൽകുക. മൃഗങ്ങൾക്ക് ഭക്ഷണം കൊടുക്കാനോ പ്രദർശനവസ്തുക്കളിൽ സ്പർശിക്കാനോ അനുവദിക്കരുത്.

**വെള്ളത്തിലെ സുരക്ഷ**

വെള്ളത്തിൽ കളിക്കാൻ കുട്ടികളെ അനുവദിക്കുമ്പോൾ അധ്യാപകർ തികഞ്ഞ ജാഗ്രത പുലർത്തണം.

**ബീച്ചിൽ:** സ്കൂൾ വിനോദയാത്രകളിൽ കടൽപ്പുറം ഉൾപ്പെടുക സാധാരണമാണ്. കടൽ കാണാനും ബീച്ചിൽ കളിക്കാനും കുട്ടികൾക്ക് ഉത്സാഹമാണ്. മിക്കപ്പോഴും അവർ കടലിൽ ഇറങ്ങിയെന്നും വരും. അപ്പോൾ മുൻകരുതലുകൾ എടുക്കുക.

1. സുരക്ഷാ ഗാർഡുകൾ ഉള്ള സ്ഥലത്തുമാത്രം ഇറങ്ങുക

2. തുറസായതും ആഴംകുറഞ്ഞതുമായ ബീച്ചിലേക്ക്

മാത്രം കുട്ടികളെ കൊണ്ടുപോവുക

3. ഗാർഡുകൾ ജോലിയിൽ ഉണ്ടെന്നും ലൈഫ്ബോയ്സ് ഉണ്ടെന്നും ഉറപ്പാക്കിയശേഷമേ കടലിൽ ഇറങ്ങാവൂ

4. പത്തു വയസിൽ താഴെയുള്ള കുട്ടികളെ കടലിൽ ഇറങ്ങാൻ അനുവദിക്കരുത്

5. പന്ത്രണ്ടു വയസിന് മുകളിലുള്ള നാല് കുട്ടികളെ മുതിർന്ന ഒരാളുടെ മേൽനോട്ടത്തിലാകണം വലിയ തിരയില്ലാത്ത സമയത്ത് കടലിൽ ഇറക്കേണ്ടത്

6. പരമാവധി അരക്കെട്ടുവരെ വെള്ളമുള്ള സ്ഥലംവരെ മാത്രമേ കുട്ടികളെ പോകാൻ അനുവദിക്കാവൂ

7. വെള്ളത്തിലിറങ്ങിയവരെ നീരീക്ഷിക്കാൻ ഒരു അധ്യാപകൻ കരയിലുണ്ടാകണം

**നദിയിലെ കുളി:** മിക്കപ്പോഴും സന്ദർശനസ്ഥലങ്ങളും താമസസൗകര്യവും മറ്റും നദിയുടെ സമീപത്താകാം. നദിയിലിറങ്ങി കുളിക്കാൻ കുട്ടികൾ താൽപ്പര്യപ്പെടുന്നത് സ്വാഭാവികം. നദിയുടെ ആഴം, ഒഴുക്കിന്റെ ശക്തി, നീന്തൽ അറിയാവുന്ന മുതിർന്ന ആളിന്റെ സാന്നിദ്ധ്യം തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചായിരിക്കണം തീരുമാനം എടുക്കേണ്ടത്. നാല് കുട്ടികളെ മാത്രമേ ഒരു സമയത്ത് നദിയിൽ ഇറക്കാവൂ. നമ്മുടെ സംസ്കാരം പരിഗണിച്ച് മതിയായ സ്വകാര്യത ഉറപ്പുണ്ടെങ്കിലേ പെൺകുട്ടികളെ നദിയിൽ കുളിക്കാൻ അനുവദിക്കാവൂ. മൊബൈൽ ഫോൺ ക്യാമറകളിലും മറ്റും കരയിൽ നിൽക്കുന്നവർ ചിത്രങ്ങൾ എടുക്കാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. ലൈഫ്ബോയ്സ് ഇല്ലാത്ത സന്ദർഭത്തിൽ ഒരിക്കലും വള്ളത്തിൽ കയറാൻ കുട്ടികളെ അനുവദിക്കരുത്.

### താമസസ്ഥലത്തെ സുരക്ഷ

സുരക്ഷ ഉറപ്പാക്കാനുള്ള മിനിമം സൗകര്യങ്ങൾ ഇല്ലാത്ത സ്ഥലത്ത് കുട്ടികളെ താമസിപ്പിക്കരുത്. പ്രധാനമായും ഇക്കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്.

1. മുറികൾ സുരക്ഷിതമായി സുരക്ഷിതമായി പൂട്ടാനാകണം

2. മുറികളിലും ഇടനാഴികളിലും ടോയ്‌ലറ്റിലും വെളിച്ചം വേണം

3. ബഹുനിലക്കെട്ടിങ്ങളാണെങ്കിൽ അഗ്നിശമന ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുക

4. ബഹുനിലക്കെട്ടിടങ്ങളിൽ 1, 2, 3 നിലകളിൽ കുട്ടികൾക്ക് മുറിയെടുക്കുക. അഞ്ചാം നിലയ്ക്ക് മുകളിലേക്കും ഗ്രൗണ്ട് ഫ്ളോറിലും മുറിയെടുക്കരുത്

5. വൈദ്യുത ഉപകരണങ്ങളും സ്വിച്ചുകളും മറ്റും സുരക്ഷാ ചുമതലയുള്ള അധ്യാപകൻ പരിശോധിക്കണം

6. പൈപ്പിൽ ചൂടുവെള്ളം കിട്ടുന്ന സന്ദർഭത്തിൽ അത് കൈകാര്യം ചെയ്യേണ്ടവിധം കുട്ടികളെ പഠിപ്പിക്കുക

7. എന്തെങ്കിലും അപകടമുണ്ടായാൽ ഒത്തുചേരാൻ പറ്റിയ സ്ഥലം അധ്യാപകൻ കണ്ടുവയ്ക്കണം. തീപിടിത്തം പോലെ എന്തെങ്കിലും ഉണ്ടായാൽ രക്ഷപ്പെടേണ്ട വഴിയും ഒത്തുചേരേണ്ട സ്ഥലവും കുട്ടികൾക്ക് പറഞ്ഞുകൊടുക്കണം

8. വാർഡൻമാരായി നിശ്യിക്കപ്പെട്ട അധ്യപരെല്ലാം ടോർച്ച്ലൈറ്റ് കരുതണം

9. ലിഫ്ടിന്റെ പ്രവർത്തനക്ഷമത, പവർകട്ടിനുള്ള സാധ്യത തുടങ്ങിയ കാര്യങ്ങൾ റിസപ്ഷനിൽ അന്വേഷിച്ച് മനസിലാക്കാൻ സുരക്ഷാചുമതലയുള്ള അധ്യാപകൻ മറക്കരുത്. അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ ലിഫ്ട് ഉപയോഗിക്കുന്നത് ഒഴിവക്കുക

10. സുരക്ഷിതമല്ലാത്ത രീതിയിൽ മൊബൈൽ ചാർജറുകളും മറ്റും ഉപയോഗിക്കരുത്

### വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സുരക്ഷ

അമിതമായ ജനത്തിരക്കാണ് പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നേരിടുന്ന പ്രധാനപ്രശ്നം. അത്തരം സന്ദർഭങ്ങൾ മുൻകൂട്ടി കാണാനും വിലയിരുത്താനും സുരക്ഷാച്ചുമതലയുള്ള അധ്യാപകന് കഴിയണം. സന്ദർശിക്കുന്ന സ്ഥലത്തെ തിരക്ക് എത്രത്തോളമുണ്ടാകുമെന്നും അത് നിയന്ത്രിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ അവിടെയുണ്ടെന്നും വിലയിരുത്തണം. ബഡ്ഡി–വാർഡൻ സമ്പ്രദായം കാര്യക്ഷമമായി പ്രവർത്തിച്ചാൽ കുട്ടികൾ തിരക്കിൽ നഷ്ടമാകില്ലെന്ന് ഉറപ്പാക്കാം. സ്ഥിതിഗതി പന്തിയല്ലെന്നു കണ്ടാൽ സന്ദർശന പരിപാടി റദ്ദാക്കി അടുത്ത സ്ഥലത്തേക്ക് യാത്ര തുടരാൻ മടിക്കരുത്.

### വ്യവസായ മേഖലകളിലെ സുരക്ഷ

വ്യവസായ കേന്ദ്രങ്ങളിലേക്കും സ്ഥാപനങ്ങളിലേക്കും

കുട്ടികളുമായി പോകുമ്പോൾ അതീവ ജാഗ്രത പുലർത്തണം. സന്ദർശനത്തിന് മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. സുരക്ഷാസംവിധാനങ്ങളെക്കുറിച്ചും എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ചും കുട്ടികളെ ബോധ്യപ്പെടുത്തുകയും വേണം.

ഫാക്ടറികളും മറ്റും അവിടത്തെ സഹായിയുടെ സാന്നിദ്ധ്യത്തിലേ സന്ദർശിക്കാവൂ. അവിടത്തെ പ്രത്യേകതകളെ കുറിച്ചും സുരക്ഷാസംവിധാനത്തെക്കുറിച്ചും കുട്ടികളോട് വിശദീകരിക്കണം. അടിയന്തര സഹാചര്യമുണ്ടായാൽ രക്ഷപ്പെടാനുള്ള മാർഗവും വ്യക്തമാക്കണം. എല്ലാ സുരക്ഷാ മുൻകരുതലുകളും നിർബന്ധമായി പാലിക്കാൻ യാത്രാംഗങ്ങളോട് നിർദ്ദേശിക്കുക. ഹെൽമെറ്റ്, മാസ്ക് തുടങ്ങിയവ ആവശ്യമാണെങ്കിൽ നിർബന്ധമായും അവ ധരിക്കുക. ഏതെങ്കിലും സാഹചര്യത്തിൽ സുരക്ഷാ സംവിധാനം പര്യാപ്തമല്ലെന്ന് ബോധ്യമായാൽ ടൂർ ലീഡറെ അറിയിക്കുകയും സന്ദർശനം അടിയന്തിരമായി അവസാനിപ്പിക്കേണ്ടത് സുരക്ഷാ ചുമതലയുള്ള അധ്യാപകന്റെ കടമയാണ്.

# അധ്യായം 3
# കുട്ടികളുടെ സംരക്ഷണം

സുരക്ഷ എന്ന മലയാള വാക്കിന് ഇംഗ്ലീഷിൽ 'മെളലഡ്യേ' എന്നോ 'ലെരൗൃശ്യേ' എന്നോ പറയാം. ഈ രണ്ട് വാക്കുകളും മിക്കപ്പോളും ഒരേ അർഥത്തിൽ തന്നെയാണ് പ്രയോഗിക്കപ്പെടുന്നത്. ഈ പുസ്തകത്തിൽ ഇവയ്ക്ക് ചെറിയ അർഥവ്യത്യാസമുണ്ട്. ഒരു ഉദാഹരണത്തിലൂടെ ഇക്കാര്യം വ്യക്തമാക്കട്ടെ. യാത്രക്കിടെ ട്രെയിനിൽ നിന്ന് ഒരു കുട്ടി താഴെ വീണെന്ന് കരുതുക. അത് 'സേഫ്റ്റി ഇഷ്യൂ' ആണ്. എന്നാൽ കുട്ടിയെ ആരെങ്കിലും തള്ളിയിട്ടതാണെങ്കിൽ അത് 'സെക്യൂരിറ്റി ഇഷ്യൂ' ആകും. രണ്ട് സഹാചര്യത്തിലും കുട്ടിക്കുണ്ടാകുന്ന പരിക്ക് ഒരു പോലെയാണെങ്കിലും ആദ്യത്തെ സംഭവം ആരും ബോധപൂർവം ചെയ്തതല്ല. രണ്ടാമത്തേത് ബോധപൂർവം ചെയ്തതാണുതാനും. ഈ അധ്യായത്തിൽ അത്തരം സെക്യൂരിറ്റി പ്രശ്നങ്ങളെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

**റോഡ് ഗതാഗതം**

സ്വകാര്യവാഹനങ്ങളിൽ റോഡ് മാർഗമുള്ള യാത്ര കുട്ടികളുടെ സംരക്ഷണത്തെക്കുറിച്ച് പല ആശങ്കകളും ഉണ്ടാക്കുന്നു. വാഹനങ്ങൾ തട്ടിക്കൊണ്ടു പോയതും കൊള്ളയടിക്കപ്പെട്ടതുമായ സംഭവങ്ങൾ പലപ്പോഴും നമ്മൾ കേട്ടിട്ടുണ്ട്. എന്നാൽ, ദക്ഷിണേന്ത്യയിലെ യാത്രകളിൽ രാത്രി വാഹനയാത്ര ഒഴിവാക്കിയാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാം. പെട്ടെന്നുള്ള ബന്ദ് പ്രഖ്യാപനവും അതിന്റെ ഭാഗമായി ബസുകൾക്കും മറ്റ് വാഹനങ്ങൾക്കും നേരെയുണ്ടാകുന്ന ആക്രമണവുമാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാന ഭീഷണി. ബന്ദിനെയും ഹർത്താലിനെയും കുറിച്ച് യാത്രക്കിടെ അറിയുന്നുപോലുമില്ലെങ്കിലും പലപ്പോഴും നിങ്ങൾ അതിന്റെ ഇരയായേക്കാം. സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തും യാത്രയുടെ റൂട്ടിലും നിലനിൽക്കുന്ന രാഷ്ട്രീയ പരിസ്ഥിതികളെ സംബന്ധിച്ച് സുരക്ഷാചുമതലയുള്ള അധ്യാപകൻ മുൻകൂട്ടി മനസിലാക്കുകയും ദൈനംദിന വാർത്തകൾ ശ്രദ്ധിക്കുകയും വേണം. ബന്ദ് പ്രഖ്യാപിക്കപ്പെട്ട സഹാചര്യത്തിൽ ഒരിക്കലും കുട്ടികളുമായി യാത്ര തുടരരുത്.

യാത്രയിൽ എന്തെങ്കിലും അപകടം സംഭവിച്ചാൽ വലിയ വാഹനത്തെ ജനക്കൂട്ടം ആക്രമിക്കുന്നത് പതിവ് രീതിയാണ്. നിങ്ങളുടെ വാഹനം അത്തരത്തിൽ അപകടത്തിൽ പെട്ടാൽ ഉടൻ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ അറിയിച്ച് അവിടെ അഭയം തേടുക. യാത്രയിലെ അംഗങ്ങളല്ലാത്ത ഒരാളെയും നിങ്ങളുടെ വാഹനത്തിൽ കയറാൻ അനുവദിക്കരുത്. ഇത് കുട്ടികളുടെ സംരക്ഷണം അപകടത്തിലാക്കും. വന്യമൃഗങ്ങളും ഇടഞ്ഞ ആനയും മറ്റും റോഡിലിറങ്ങുന്നത് ഭീഷണി ഉയർത്തുന്നത് നമ്മുടെ നാട്ടിൽ പതിവാണ്. ഇത്തരം സൂചന ലഭിച്ചാലുടൻ വാഹനം പിന്നോട്ടെടുത്ത് സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റാൻ ഡ്രൈവറോട് ആവശ്യപ്പെടുക. മൃഗങ്ങൾ പിന്മാറി പ്രശ്നം പരിഹരിക്കപ്പെട്ടശേഷമേ യാത്ര തുടരാവൂ.

**ട്രെയിൻ യാത്രയിലെ പ്രശ്നങ്ങൾ**

ട്രെയിൻ യാത്രയിൽ നേരിടുന്ന പ്രധാന ഭീഷണികളിലൊന്ന് കവർച്ചയാണ്. ഇത് മൂന്നുവിധത്തിൽ സംഭവിക്കാം. ഒന്ന്, നിങ്ങൾ ഉറങ്ങുന്ന സമയത്തോ ശ്രദ്ധിക്കാത്തപ്പോഴോ നിങ്ങൾ അറിയാതെ നടക്കുന്ന കവർച്ച. രണ്ട്, മയക്കുമരുന്ന് ഭക്ഷണത്തിൽ കലർത്തി നൽകി ഉറക്കിയശേഷമുള്ള കവർച്ച, മൂന്ന്, ആയുധം കാട്ടി ഭീഷണിപ്പെടുത്തി ബലപ്രയോഗത്തിലൂടെയുള്ള കവർച്ച.

ആദ്യത്തെ സഹാചര്യം ഒഴിവാക്കാൻ എളുപ്പമാണ്. നിങ്ങളുടെ ബാഗ് പൂട്ടുകയും സീറ്റുമായി ചങ്ങലകൊണ്ട് ബന്ധിപ്പിക്കുകയും ചെയ്യുക. ദൈനംദിന ചെലവുകൾക്ക് പണം സൂക്ഷിക്കുന്ന ചെറിയബാഗ് കൈവശം തന്നെ സൂക്ഷിക്കുക. ഷിഫ്റ്റ് അനുസരിച്ച് ഒരു ബഡ്ഡിയും വാർഡനും എപ്പോഴും ഉണർന്നിരിക്കുക. റിസർവേഷനില്ലാത്ത യാത്രക്കാർ കംപാർട്ട്മെന്റിൽ കയറുന്നത് തടയണം. അത്തരം സഹാചര്യത്തിൽ ടിക്കറ്റ് പരിശോധകനെയോ റെയിൽവേ സുരക്ഷാ സേനയെയോ വിവരം ധരിപ്പിക്കുക.

യാത്രക്കാരെ മയക്കിയശേഷമുള്ള കവർച്ച കേരളത്തിൽ പതിവാകുകയാണ്. മയക്കുമരുന്നുകൾ കലർത്തി നൽകുന്നത് കുട്ടികളുടെ ആരോഗ്യത്തെപ്പോലും ബാധിച്ചേക്കും. അപരിചിതരായ യാത്രക്കാർ നൽകുന്ന ഭക്ഷണം സ്വീകരിക്കാതിരുന്നാൽ ഈ പ്രശ്നം ഒഴിവാക്കാം. തിരക്കേറിയ സ്റ്റേഷനുകളിലെ സ്റ്റാളുകളിൽനിന്ന് ആരെങ്കിലും ഭക്ഷണം വാങ്ങിത്തന്നാൽ അതും സ്നേഹപൂർ

വം നിരസിക്കുക. വീട്ടിൽനിന്ന് കൊണ്ടുവരുന്നതോ റെയിൽവേ ജീവനക്കാർ നൽകുന്നതോ ആയ ഭക്ഷണം മാത്രം കഴിക്കുക.

മൂന്നാമത്തെ സഹാചര്യത്തിൽ അക്രമികൾ ട്രെയിനിൽ അതിക്രമിച്ചു കയറി ബലാൽക്കാരമായി നിങ്ങളുടെ സാധനസമാഗ്രികൾ പിടിച്ചെടുക്കുകയാണ്. അത്തരം സന്ദർഭത്തിൽ കുട്ടികളുടെ സംരക്ഷണത്തിനാകണം പ്രഥമ പരിഗണന നൽകേണ്ടത്. കുട്ടികൾക്ക് ശാരീരികമോ മാനസികമോ ആയ ആഘാതം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക. രാത്രിയിൽ കമ്പാർട്ട്മെന്റ് പൂട്ടി സുരക്ഷിതത്വം ഉറപ്പാക്കുക. സുരക്ഷാഉദ്യോഗസ്ഥരുടെ സേവനം തേടുക. മറ്റ് മാർഗങ്ങൾ ഒന്നുമില്ലെങ്കിൽ അക്രമികൾ ആവശ്യപ്പെടുന്ന സാധനങ്ങൾ അവർക്ക് നൽകുന്നതാണ് നല്ലത്. വെറുതെ ഒച്ചവച്ച് പ്രശ്നങ്ങളുണ്ടാക്കിയാൽ കുട്ടികൾ ഉപദ്രവിക്കപ്പെട്ടേക്കും. കുറ്റവാളികളെ പിന്നീട് എപ്പോഴെങ്കിലും നിയമത്തിനുമുന്നിൽ ഹാജരാക്കാം. പണം എങ്ങനെയെങ്കിലും കണ്ടെത്താം. പക്ഷേ, കുട്ടികൾക്ക് ഉണ്ടാകുന്ന ആഘാതം മറ്റ് നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കും. അത് ഒഴിവാക്കുക.

**വിമാനയാത്ര**

വിമാനയാത്രയിൽ കുട്ടികളുടെ സംരക്ഷണം അപകടത്തിലാക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾക്കാണ് സാധ്യത. സംഘാംഗങ്ങളിൽ ആർക്കെങ്കിലും മറ്റ് യാത്രക്കാരുടെ മോശമായ പെരുമാറ്റത്തിന് ഇരയാകേണ്ടിവരാം. അപ്പോൾ പ്രശ്നം വഷളാക്കാതെ നമ്മൾ സ്വയം പിന്മാറുക. വിമാന ജീവനക്കാരെ വിവരം അറിയിക്കുക.

വിമാനം തട്ടിക്കൊണ്ടുപോകുന്നത് ഗുരുതരമായ പ്രശ്നമാണ് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കേണ്ടതും മാനസികനില തകരാറിലാകാതെ നേക്കേണ്ടതുമാണ് വാർഡന്റെ ചുമതല. അക്രമികളുടെ നിർദ്ദേശത്തെ എതിർക്കരുതെന്ന് ടൂർ ലീഡർ കുട്ടികളോട് ആവശ്യപ്പെടുക. അതേസമയം, മാനുഷിക പരിഗണന നൽകി കുട്ടികളെ മോചിപ്പിക്കാൻ കൊള്ളക്കാരോട് നിരന്തരം അഭ്യർഥിക്കുക. കുട്ടികളുടെ ഭയമകറ്റാൻ അവരുമായി സംസാരിച്ചുകൊണ്ടിരിക്കുക.

**ബോട്ട്യാത്ര**

ബോട്ട് യത്രയിൽ സ്വാഭാവികമായും സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചിരിക്കും. പോക്കറ്റടിയും മറ്റ് യാത്രക്കാരുമായി ഉണ്ടാകുന്ന പ്രശ്നങ്ങളുമാണ് യാത്രയിൽ നേരിടേണ്ടിവരുന്ന സെക്യൂരിറ്റി ഇഷ്യൂസ്. ട്രെയിൻ യാത്രയിൽ സ്വീകരിച്ച മുൻകരുതൽ ബോട്ട്യാത്രയിലും സ്വീകരിക്കാം.

**വനമേഖലയിലെ യാത്ര**

വനമേഖലയിലേക്കും വന്യജീവി സങ്കേതത്തിലേക്കും പോകുമ്പോൾ മുൻകൂട്ടി അനുമതി വാങ്ങിയിരിക്കണം. അംഗീകൃത ഗൈഡിനെയോ ഫോറസ്റ്റ് ഗാർഡിനെയോ ഒപ്പം കൂട്ടുക. അവരുടെ നിർദ്ദേശങ്ങൾ അതേപടി പാലിക്കുക.

**തിരക്കേറിയ പൊതുസ്ഥലങ്ങളിലെ പ്രശ്നങ്ങൾ**

വ്യക്തമായ വിലയിരുത്തലിനുശേഷമേ തിരക്കേറിയ സ്ഥലങ്ങൾ സന്ദർശിക്കാവൂ. ഭീകരരുടെ സാന്നിദ്ധ്യമുള്ള മേഖലയിലേക്കുള്ള യാത്ര ഒഴിവാക്കണം. തിരക്കുള്ള സ്ഥലങ്ങളിൽ പോക്കറ്റടിക്കാരെ സൂക്ഷിക്കേണ്ടതുണ്ട്. അതാതു ദിവസത്തെ ചെലവിനുള്ള പണം മാത്രമേ പഴ്സിൽ കരുതാവൂ. ബാക്കി പണം മുറിയിലോ മറ്റോ സുരക്ഷിതമായി വയ്ക്കണം. മേൽവിലാസം ഒഴികെ വിലപ്പെട്ട രേഖകളൊന്നും പഴ്സിൽ വയ്ക്കരുത്. ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ പോക്കറ്റടിക്കപ്പെട്ടാലും അതുമൂലമുള്ള നഷ്ടത്തിന്റെ അളവ് കുറയ്ക്കാം.

തിരക്കേറിയ സ്ഥലങ്ങളിൽ സ്കൂൾകുട്ടികൾ പലപ്പോഴും ഉപദ്രവിക്കപ്പെടാറുണ്ട്. വളരെ ജാഗ്രതയോടെ വേണം ഇത്തരം സഹാചര്യത്തെ കൈകാര്യംചെയ്യാൻ. യാത്രാസംഘത്തിലുള്ള അധ്യാപികമാരും സമൂഹവിരുദ്ധരുടെ ഉപദ്രവത്തിന് ഇരയായേക്കാം. ഇത്തരക്കാരുടെ കമന്റുകളെയും പ്രകോപനങ്ങളെയും പ്രതികരിക്കാതെ തള്ളിക്കളയാൻ കുട്ടികൾക്ക് ആദ്യമേ നിർദ്ദേശം നൽകണം. വാക്കുകളും നോട്ടവും കൊണ്ടുള്ള പീഡനം ശാരീരിക ഉപദ്രവമാകാൻ തുടങ്ങിയാൽ സ്ഥലത്തുള്ള സുരക്ഷാ ഉദ്യോഗസ്ഥരെ വിവരം അറിയിക്കണം. അപരിചിതർ പെൺകുട്ടികളുടെ ഫോട്ടോ എടുക്കുന്നതും തടയണം. അത്തരക്കാരോട് അധ്യാപകർ ആദ്യം മാന്യമായ ഭാഷയിൽ കാര്യം പറയണം. അവർ വഴങ്ങിയില്ലെങ്കിൽ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്താം.

**താമസസ്ഥലത്തെ പ്രശ്നങ്ങൾ**

കവർച്ച, സംഘാംഗങ്ങളോടുള്ള മോശമായ പെരുമാറ്റം, രഹസ്യക്യാമറ ഉപയോഗിച്ചുള്ള നീരീക്ഷണം തുടങ്ങിയ പ്രശ്നങ്ങളാണ് താമസസ്ഥലത്ത് കുട്ടികളുടെ സംരക്ഷണത്തിന് ഭീഷണി ഉയർത്തുന്നത്. ഹോട്ടലുകളിൽ അല്ലാതെ മറ്റെവിടെയെങ്കിലുമാണ് കുട്ടികളെ താമസിപ്പിക്കുന്നതെങ്കിൽ അവരുടെ സംരക്ഷണത്തിന്റെ ഉത്തരവാദിത്തം പൂർണമായും അധ്യാപകരുടെ മാത്രം ചുമതലയായിരിക്കും. അത്തരം സ്ഥലങ്ങളിൽ രാത്രിയിൽ വെളിച്ചത്തിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കണം. ആവശ്യമായ ടോർച്ച് ലൈറ്റുകൾ കരുതണം. താമസസ്ഥലം പൂട്ടി സുരക്ഷ ഉറപ്പാക്കാൻ മറക്കരുത്. ട്രെയിൻ യാത്രയിലെപ്പോലെ ഒരു ബഡ്ഡിയും വാർഡനും ഉറങ്ങാതെ കാവലിരിക്കുന്നത് സുരക്ഷ ശക്തമാക്കും. മോശമായ പെരുമാറ്റം അപരിചിതരുടെ ഭാഗത്തുനിന്നുണ്ടായാൽ അധ്യാപകർ ഇടപെട്ട് പരിഹരിക്കണം. അതല്ലെങ്കിൽ അവിടത്തെ താമസം ഉപേക്ഷിക്കാനും മടിക്കരുത്.

ഹോട്ടലിലാണ് താമസമെങ്കിൽ മുറികളും പൂട്ടുകളും പരിശോധിച്ച് സുരക്ഷ ഉറപ്പാക്കണം. വിലപിടിപ്പുള്ള വസ്തുക്കൾ സെക്യൂരിറ്റി ബോക്സുകളിൽ മാത്രമേ സൂക്ഷിക്കാവൂ. ഹോട്ടൽ ജീവനക്കാരും മറ്റ് താമസക്കാരും ചിലപ്പോൾ കുട്ടികളോട് മോശമായി പെരുമാറിയെന്നുവരാം. അത്തരം പ്രശ്നങ്ങൾ ഉടൻ ഹോട്ടൽ മാനേജരുടെ ശ്രദ്ധയിൽപ്പെടുത്തണം. ആവശ്യമെങ്കിൽ പൊലീസിനെ വിളിക്കാനും നിർദ്ദേശിക്കണം.

കുട്ടികളിൽ ആരെങ്കിലും അധ്യാപകരോടോ അപരിചിതരോടോ മോശമായി പെരുമാറുന്ന സഹാചര്യമുണ്ടായാൽ വളരെ ശ്രദ്ധയോടെ വേണം പ്രശ്നം കൈകാര്യം ചെയ്യാൻ. കുട്ടിക്കുവേണ്ടി മാപ്പുപറയാനും ശക്തമായ അച്ചടക്കനടപടിയെടുക്കുമെന്ന് ഉറപ്പുനൽകാനും വാർഡനോ ടൂർ ലീഡറോ തയ്യാറാകണം. സംഭവത്തെക്കുറിച്ച് പിന്നീട് അന്വേഷിക്കണം. എന്നാൽ, സ്ഥിതിഗതി വഷളാകാതെ നോക്കാനാണ് ആദ്യം ശ്രമിക്കേണ്ടത്.

വിദൂരസ്ഥലങ്ങളിൽ യാത്രപോകുമ്പോൾ നേരിടുന്ന വലിയ പ്രശ്നം രഹസ്യകാമറകൾ ഉപയോഗിച്ചുള്ള ഷൂട്ടിങ്ങാണ്. ഹോട്ടൽ മുറികളിലും ടോയ്‌ലറ്റുകളിലും വസ്ത്രംമാറുന്ന സ്ഥലത്തും മറ്റും ക്യാമറക്കണ്ണുകൾ ഒളിഞ്ഞിരിക്കാൻ സാധ്യതയുണ്ട്. വെബ്കാമുകളും മൊബൈൽ ഫോൺ ക്യാമറകളും വ്യാപകമായ സഹാചര്യത്തിൽ ഇത്തരം പ്രവർത്തികൾക്കുള്ള പ്രവണത വളരെയേറെയാണ്. ഈ ഭീഷണിയുടെ ഗൗരവം ശരിയായി ഉൾക്കൊണ്ട് മുറികളും ടോയ്‌ലറ്റും മറ്റും വിശദമായി പരിശോധിച്ച് ഉറപ്പാക്കിയശേഷമേ കുട്ടികളെ പ്രവേശിപ്പിക്കാവൂ. സംശയകരമായ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഉത്തരവാദപ്പെട്ടവരെ അറിയിക്കുക. പൊലീസിന്റെ സഹായം തേടാനും മടിക്കരുത്.

# അധ്യായം 4
# ആരോഗ്യപ്രശ്നങ്ങൾ

സുരക്ഷാപ്രശ്നങ്ങൾക്കു പുറമെ യാത്രാസംഘത്തെ കുഴപ്പത്തിലാക്കാൻ ആരോഗ്യപരമായ പ്രശ്നങ്ങൾക്കുമാകും. കുട്ടികൾക്കോ അധ്യാപകർക്കോ നേരത്തെയുള്ള അസുഖം വഷളാകുന്നത്, യാത്രക്കിടെയോ സന്ദർശന സ്ഥലത്തെയോ കാലാവസ്ഥയുടെ ഫലമായി ഉണ്ടാകുന്ന അലർജിയും മറ്റ് അസുഖങ്ങളും, ഭക്ഷ്യവിഷബാധ, അപകടങ്ങൾ മൂലമുണ്ടാകുന്ന പരിക്ക് തുടങ്ങിയവയാണ് ഇവയിൽ പ്രധാനം.

ആരോഗ്യപ്രശ്നങ്ങളുടെ കാരണം എന്തായാലും അതീവ ജാഗ്രതയോടെ വേണം അത് കൈകാര്യം ചെയ്യാൻ. ഒന്നാം അധ്യായത്തിൽ സൂചിപ്പിച്ച അവശ്യം വേണ്ട മുൻകരുതൽ എടുത്താൽതന്നെ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാം. അധികമായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ വിശദീകരിക്കാം.

### നിലവിലുള്ള രോഗാവസ്ഥ വഷളാകുന്നത്

കുട്ടികളെ യാത്രക്ക് അയക്കുന്നതിനുമുമ്പ് അവരുടെ ആരോഗ്യസ്ഥിതിയും യാത്രയുടെ ദൈർഘ്യവും കാലാവസ്ഥയും മറ്റും രക്ഷാകർത്താക്കൾ വിലയിരുത്തണം. കുട്ടികളെ യാത്രക്ക് അയക്കണോ എന്ന് തീരുമാനിക്കേണ്ടത് ഇതിന്റെ അടിസ്ഥാനത്തിലാണ്. കുട്ടിയുടെ ആരോഗ്യപ്രശ്നങ്ങൾ അധ്യാപകരേക്കാൾ നന്നായി ബോധ്യമുള്ളത് മാതാപിതാക്കൾക്കാണല്ലോ. ഹൃദ്രോഗങ്ങൾ പോലുള്ള ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉള്ള കുട്ടികളെ യാത്രക്ക് വിടുന്നതിനു മുമ്പ് ഡോക്ടറുടെ ഉപദേശം തേടണം. യാത്രക്ക് അനുവദിച്ചാൽ അവരുടെ ആരോഗ്യസ്ഥിതി സംബന്ധിച്ച് ടൂർ ലീഡറെ ബോധ്യപ്പെടുത്തണം. മറ്റ് കുട്ടികളെപ്പോലെ എല്ലാ കാര്യങ്ങളും ആസ്വദിക്കാനും വിനോദങ്ങളിൽ പങ്കെടുക്കാനും രോഗമുള്ളവർക്ക് കഴിയില്ല. ഇക്കാര്യം മറ്റ് കുട്ടികളെയും അറിയിക്കണം. കുട്ടി കഴിക്കുന്ന മരുന്നുകളുടെ വിവരവും ചികിത്സിക്കുന്ന ഡോക്ടറുടെ ഫോൺനമ്പറും ടൂർ ലീഡർക്ക് നൽകണം.

പനി, ജലദോഷം പോലുള്ള സാധാരണ അസുഖങ്ങൾ ഉണ്ടെങ്കിലും കുട്ടികളെ യാത്രക്ക് അയക്കുമ്പോൾ ഡോക്ടറുടെ ഉപദേശം തേടുന്നത് നന്നായിരിക്കും. മരുന്നുകളുടെയും മറ്റും വിവരം അധ്യാപകരെ അറിയിക്കുകയും വേണം.

### യാത്രക്കിടെ ഉണ്ടാകുന്ന അസുഖങ്ങൾ

വിനോദയാത്രക്കിടെ ഉണ്ടാകുന്ന പ്രധാന ആരോഗ്യപ്രശ്നം യാത്രാച്ചൊരുക്കാണ്. ചെറിയ കുട്ടികളെയാണ് ഇത് കൂടുതൽ ബാധിക്കുക. അമിതമായ ക്ഷീണം ഛർദ്ദി തുടങ്ങിയവയാൽ കുട്ടികൾ അവശരായേക്കാം. യാത്രപോകുന്ന സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി ഇക്കാര്യത്തിൽ മുൻകൂട്ടി ഒരു ഡോക്ടറുടെ അഭിപ്രായം ആരായുന്നത് നല്ലതാണ്. പരിഹാര മാർഗങ്ങളും പ്രഥമശുശ്രൂഷയുടെ ഭാഗമായി ഉൾപ്പെടുത്തണം.

യാത്രക്കിടെ വാഹനത്തിൽനിന്ന് തലപുറത്തിട്ട് ഛർദ്ദിക്കാൻ കുട്ടികളെ ഒരിക്കലും അനുവദിക്കരുത്. വെറുമൊരു ആരോഗ്യപ്രശ്നം (വലമഹവേ ശെൈല) ചിലപ്പോൾ ഗുരുതരമായ സുരക്ഷാപ്രശ്നമായി (ലെരൗൃശ്യേ ശെൈല) മാറിയേക്കാം. ഛർദ്ദിക്കാൻ ആവശ്യമായ പ്ലാസ്റ്റിക് കിറ്റുകളും മറ്റും കരുതണം. ആവശ്യമെങ്കിൽ വാഹനം നിർത്തി കുട്ടിക്ക് അൽപ്പം വിശ്രമം നൽകണം. യാത്രച്ചൊരുക്ക് പതിവ് സംഗതിയായതിനാൽ ഭയപ്പെടേണ്ട ആശ്യമൊന്നുമില്ല. സ്ഥിതി വഷളാകുകയാണെങ്കിൽ മാത്രം ഡോക്ടറുടെ സഹായം തേടിയാൽ മതി.

ആസ്ത്മ പോലുള്ള രോഗങ്ങൾ യാത്രക്കിടെ പൊടിയിലും തണുപ്പിലും രൂക്ഷമായേക്കാം. അത്തരം രോഗങ്ങളുള്ള കുട്ടികളെ ഡോക്ടറുടെ അഭിപ്രായം മാനിച്ചേ യാത്രക്ക് അയക്കാവൂ. രോഗവിവരവും മരുന്നുകളുടെ ക്രമവും മറ്റും അധ്യാപകരെ രക്ഷാകർത്താക്കൾ അറിയിക്കണം. അസുഖം രൂക്ഷമായാൽ ശുദ്ധവായു കിട്ടുന്ന ഊഷ്മളമായ അന്തരീക്ഷത്തിൽ കുട്ടിക്ക് വിശ്രമം അനുവദിക്കുക. സ്ഥിതി ഗുരുതരമാണെങ്കിൽ ഡോക്ടറെ സമീപിക്കുക.

### ഭക്ഷ്യവിഷബാധ

മോശപ്പെട്ട ഭക്ഷണവും വെള്ളവും മൂലം കുട്ടികൾക്ക്

ഛർദ്ദിയും വയറിളക്കവും മറ്റും പിടിപെടുന്നത് സാധരണമാണെങ്കിലും യാത്രക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കും. ശീലമില്ലാത്ത ഭഷണവും പലപ്പോഴും പ്രശ്നമായേക്കാം. ചില മുൻകരുതലുകൾ സ്വീകരിക്കുന്നത് നല്ലതാണ്.

**വെള്ളം:** വയർ പ്രശ്നത്തിലാകുന്നതിന് പ്രധാന കാരണം വെള്ളമാണ്. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ യാത്രക്കിടെ ഉപയോഗിക്കാവൂ. എല്ലാ കുട്ടികൾക്കും വാട്ടർ ബോട്ടിൽ ഉണ്ടാകണം. ആദ്യദിവസം തിളപ്പിച്ചാറ്റിയ വെള്ളം വീട്ടിൽനിന്ന് കൊണ്ടുവരണം. പിന്നീടുള്ള ദിവസങ്ങളിൽ റസ്റ്റോറന്റുകളിൽനിന്ന് തിളപ്പിച്ചാറ്റിയ വെള്ളം ശേഖരിക്കാം. ടാപ്പിൽനിന്നുള്ള വെള്ളം പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന കോളകൾ, ജ്യൂസുകൾ, ലെസി തുടങ്ങിയവ കഴിക്കരുത്. വെള്ളം തിളപ്പിക്കുന്നു എന്നതിനാൽ ചായയും കാപ്പിയും കൂടുതൽ സുരക്ഷിതമാണ്.

**പഴവർഗങ്ങളും പച്ചക്കറികളും:** പുതിയ ഭക്ഷണവിഭവങ്ങളും പഴങ്ങളും മറ്റും ആസ്വദിക്കാനുള്ള അവസരമാണ് വിനോദയാത്രകൾ. എന്നാൽ ഇവ ആരോഗ്യപ്രശ്നത്തിന് ഇടയാക്കിയേക്കാം. വാഴപ്പഴം, ഓറഞ്ച് മുതലായ പുറംതോടുള്ള പഴങ്ങൾ കഴിക്കുന്നതിൽ വലിയ പ്രശ്നമില്ല. എന്നാൽ, ആപ്പിൾ, മുന്തിരി പോലുള്ളവ ഒഴിവാക്കുന്നതാണ് നല്ലത്. അഥവാ കഴിക്കുന്നെങ്കിൽ പലവട്ടം വെള്ളത്തിൽ കഴുകി വൃത്തിയാക്കണം.

പാകംചെയ്യാത്ത പച്ചക്കറികൾ സലാഡായും മറ്റും കഴിക്കുന്നത് പ്രശ്നമായേക്കാം. പലപ്പോഴും വൃത്തിഹീനമായ സഹാചര്യത്തിലാകും അവ വളർത്തുന്നത്. കീടനാശിനികളും വിഷങ്ങളും അവയ്ക്കുമേൽ പ്രയോഗിച്ചിട്ടുമുണ്ടാകാം.

**ഭക്ഷണം:** വിനോദയാത്രകൾ സാംസ്കാരികമായ അനുഭവം കൂടിയായതിനാൽ സന്ദർശനസ്ഥലങ്ങളിലെ ആഹാരവിഭവങ്ങൾ ആസ്വദിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക. ആരെങ്കിലും ഇതിനോട് വിമുഖത കാട്ടിയാൽ അവരെ നിർബന്ധിക്കരുത്. അത് ചിലപ്പോൾ പ്രശ്നമായേക്കാം. പൊതുവിൽ പറഞ്ഞാൽ, ഹോട്ടലുകളിൽനിന്ന് മാംസാഹാരം ഒഴിവാക്കുന്നതാണ് നല്ലത്. പലപ്പോഴും തലേദിവസത്തെ ഇറച്ചിയും മത്സ്യവും മറ്റും നമുക്കുമുന്നിൽ വിളമ്പിയേക്കാം. നല്ല തിരക്കുള്ള ഹോട്ടലിൽനിന്ന് വെജിറ്റേറിയൻ ഭക്ഷണം കഴിക്കുന്നതാണ് യാത്രകൾക്കിടെ വയറിന് ഏറ്റവും സന്തോഷകരം.

സംഘത്തിലെ ഏതെങ്കിലും ഒരാൾക്ക് ഭക്ഷ്യവിഷബാധയേറ്റാൽ മറ്റുള്ളവരോടും അതിന്റെ ലക്ഷണങ്ങൾ ശ്രദ്ധിക്കാൻ അധ്യാപകർ ആവശ്യപ്പെടണം. പ്രാഥമിക ചികിത്സയും നൽകണം. സ്ഥിതി ഗുരുതരമായാൽ ആശുപത്രിയിലെത്തിക്കണം.

**അപകടങ്ങളിൽനിന്നുള്ള പരിക്ക്**

റോഡപകടം, കവർച്ചാശ്രമം തുടങ്ങിയവക്കിടെ ആർക്കെങ്കിലും പരിക്കേറ്റാൽ സുരക്ഷാ ചുമതലയുള്ള അധ്യാപകൻ പ്രഥമശുശ്രൂഷയും സമാശ്വാസവും നൽകണം. ആവശ്യമെങ്കിൽ ഡോക്ടറുടെ സേവനം തേടാം. അപകടത്തിലാണ് പരിക്കേറ്റതെങ്കിൽ ഉടൻ പൊലീസിൽ അറിയിക്കണം.

**പന്നിപ്പനിയും മറ്റ് സാംക്രമിക രോഗങ്ങളും**

യാത്രയിലുടനീളം കുട്ടികൾ ഒന്നിച്ചായതിനാൽ രോഗങ്ങൾ പടരാൻ സാധ്യതയുണ്ട്. സാധാരണ പനിയും പന്നിപ്പനിയും മറ്റും പകർച്ചവ്യാധിയാകാം. ഇത്തരം അസുഖങ്ങൾ പൂർണമായി സുഖപ്പെടാത്തവരെ യാത്രയിൽ പങ്കെടുപ്പിക്കരുത്. യാത്ര പോകുന്ന സ്ഥലങ്ങളും കാലാവസ്ഥയും മറ്റും ശ്രദ്ധിച്ചാലും പകർച്ചവ്യാധികളുടെ പിടിയിൽ പെടാതെ നോക്കാം. ഉദാഹരണത്തിന്, വേനൽക്കാലത്ത് ഉത്തരേന്ത്യയിൽ മഞ്ഞപ്പിത്തവും ചിക്കൻപോക്സും സർവസാധാരണമാണ്. ആ സമയത്ത് അങ്ങോട്ടുള്ള യാത്ര ഒഴിവാക്കുക.

# അധ്യായം 5
# വിദേശത്തേക്കുള്ള യാത്ര

വർധിച്ചുവരുന്ന സമൂഹ സ്വാധീനവും കുറഞ്ഞുവരുന്ന അന്തർദേശീയ യാത്രാച്ചെലവും കാരണം സ്കൂൾ കുട്ടികളുടെ വിദേശ വിനോദയാത്രകൾ അടുത്തകാലത്തായി വർധിച്ചിട്ടുണ്ട്. രാജ്യാതിർത്തികൾ കടന്നുള്ള യാത്രകളിൽ കലാവസ്ഥാമാറ്റം, സംസ്കാരം തുടങ്ങി നിരവധി പ്രശ്നങ്ങളുണ്ട്. ആരോഗ്യം, സുരക്ഷ എന്നിവയിലെ മുൻകരുതൽ എല്ലായിടത്തും ഒരുപോലെയാണെങ്കിലും വിദേശയാത്രക്ക് ചില അനുബന്ധ തയ്യാറെടുപ്പുകൾകൂടി വേണ്ടതുണ്ട്.

### യാത്രാസ്ഥലം നിർണ്ണയിക്കൽ

അന്താരാഷ്ട്ര യാത്രയിൽ സന്ദർശനസ്ഥലം തീരുമാനിക്കുമ്പോൾ ഏറ്റവും പ്രധാനം ആ രാജ്യത്തെ സുരക്ഷാസാഹചര്യമാണ്. അഫ്ഗാനിസ്ഥാൻ പോലുള്ള പ്രശ്നബാധിത രാജ്യങ്ങളിലെ സുരക്ഷാസ്ഥിതി സ്ഥലം നിർണ്ണയിക്കുന്നതിന് മുമ്പ് പരിഗണിക്കണം. പോകാനുദ്ദേശിക്കുന്ന സ്ഥലത്തെക്കുറിച്ചും സുരക്ഷയെകുറിച്ചും ഇന്റർനെറ്റിൽ നിന്ന് വിവരം ലഭിക്കും.

### യാത്രയുടെ ദൈർഘ്യം

പഠനവും ചെലവും ബാലൻസ് ചെയ്യുന്നതിന് വിദേശയാത്രകളുടെ ദൈർഘ്യം തീരുമാനിക്കേണ്ടതുണ്ട്. പുറപ്പെടുമ്പോഴും തിരിച്ചു വരുമ്പോഴും ഓരോ ദിവസം അതിർത്തികടക്കുന്നതിനുള്ള നടപടിക്രമങ്ങൾക്ക് കാണണം. ഉദ്ദേശിച്ച സ്ഥലം സന്ദർശിക്കുന്നതിന് ഇതിനിടയിൽ ആവശ്യമായ സമയം ആസൂത്രണം ചെയ്യണം.

### സമയക്രമീകരണം

വിനോദയാത്ര ആസൂത്രണം ചെയ്യുമ്പോൾ വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത കാലാവസ്ഥയും സംസ്കാരവും അക്കാഡമിക്– ടൂറിസ്റ്റ് കലണ്ടറുമാണുള്ളതെന്ന് മനസിലാക്കണം. ഇന്ത്യയിലെ വിനോദയാത്രക്ക് പറ്റിയ സമയം ആഫ്രിക്കൻ രാജ്യമായ കെനിയയിൽ യോജിച്ചതാകില്ല. അതുകൊണ്ട് നിർദ്ദിഷ്ട സമയത്തെ കാലാവസ്ഥ, സാംസ്കാരിക പരിപാടികൾ, രാഷ്ട്രീയ സ്ഥിതി ഒക്കെ പരിഗണിച്ചാവണം സന്ദർശനസ്ഥലം നിശ്ചയിക്കാൻ.

### ആരോഗ്യ പ്രശ്നങ്ങൾ

അന്താരഷ്ട്ര യാത്രകളിൽ ആരോഗ്യപ്രശ്നങ്ങളും ശാരീരികക്ഷമത (ഉശഭലഭ) സാക്ഷ്യപ്പെടുത്തലും വിഷയമാകും. യാത്രക്കുമുമ്പായി ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റ് സന്ദർശിച്ച് ഏറ്റവും പുതിയ ആരോഗ്യ പ്രശ്നങ്ങളും ചട്ടങ്ങളും മനസിലാക്കണം. വിവിധ രാജ്യങ്ങളിലേക്കുള്ള യാത്രക്ക് അവരുടെ വാക്സിനേഷൻ നിബന്ധനകൾ എങ്ങനെയെന്നറിയണം.

ഈ സന്ദർഭത്തിൽ, ഓരോ രാജ്യത്തിലും വ്യത്യസ്ത ആരോഗ്യ സുരക്ഷാ സംവിധാനമാണെന്ന് ഓർമക്കുക. യാത്ര തിരിക്കും മുമ്പ് ആ രാജ്യത്തെ ആരോഗ്യ സുരക്ഷാ സംവിധാനമെന്തെന്നും പഠിക്കണം.

### വിസ നടപടികൾ

മറ്റൊരു രാജ്യത്തേക്ക് വിനോദയാത്ര പോകുന്നതിന് ആദ്യമായി പരിഗണിക്കേണ്ടത് അവിടത്തെ ഇമിഗ്രേഷൻ ചട്ടങ്ങളാണ്. ഓരോ രാജ്യത്തിനും ഇത് വ്യത്യസ്തമാണെങ്കിലും പൊതുവായ ചില നടപടികളുണ്ട്. അതിങ്ങനെ വേർതിരിക്കാം:

1. നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക തുടങ്ങി ഇന്ത്യക്കാർക്ക് വിസ ആവശ്യമില്ലാത്ത രാജ്യങ്ങൾ
2. അവിടെയെത്തിയ ശേഷം വിസ സംഘടിപ്പിക്കാവുന്ന രാജ്യങ്ങൾ. ഉദാ: തായ്ലാൻഡ്, ഹോങ്കോങ്ങ്
3. യാത്ര പുറപ്പെടും മുമ്പ് വിസയെടുത്തിരിക്കേണ്ട രാജ്യങ്ങൾ. അമേരിക്ക, സിങ്കപ്പൂർ തുടങ്ങിയവ

### യാത്രാരേഖകൾ

ഇന്ത്യക്കാർക്ക് വിസ ആവശ്യമില്ലാത്ത രാജ്യങ്ങളിലും യാത്രാരേഖയായ പാസ്പോർട്ട് ആവശ്യമാണ്. മുൻകൂട്ടിയോ അവിടെയെത്തിയോ വിസ സംഘടിപ്പിക്കുന്നതി

ന് പാസ്പോർട്ടും അനുബന്ധ രേഖകളും വേണം. ഇതുസംബന്ധിച്ച് ആ രാജ്യത്തിന്റെ കോൺസുലേറ്റ് വെബ്സൈറ്റിൽ നിന്ന് വിവരം ലഭിക്കും. പൊതുവെ ആവശ്യമായ രേഖകൾ താഴെ പറയുന്നു.

1. സാധുവായ ഇന്ത്യൻ പാസ്പോർട്ടും അതിന്റെ പകർപ്പുകളും
2. വിസ അപേക്ഷയുടെ ഫോറം
3. നിർദ്ദിഷ്ട രീതിയിലുള്ള പാസ്പോർട്ട് സൈസ് ഫോട്ടോകൾ. ഓരോരാജ്യത്തും വിവിധ തരത്തിലുള്ള ഫോട്ടോയാണ് വേണ്ടത്
4.ആവശ്യമായ പണം ഉണ്ടെന്നതിന്റെ രേഖ. (ബാങ്ക് അക്കൗണ്ട് പ്രസ്താവന, സ്പോൺസറുടെ കത്ത്, യഥാർഥ തുക)
5. യാത്രാമാർഗ്ഗം, തിരിച്ചുവരാനുള്ള റിസർവേഷൻ
6. ലക്ഷ്യസ്ഥാനത്തെ താമസ സൗകര്യം
7. ആരോഗ്യ ഇൻഷുറൻസ് രേഖകൾ
8. ആവശ്യമാണെങ്കിൽ സന്ദർശന കേന്ദ്രത്തിൽനിന്നുള്ള ക്ഷണക്കത്ത്
9. ആഫ്രിക്കൻ രാജ്യങ്ങളിലേക്കുള്ള യാത്രയാണെങ്കിൽ പ്രതിരോധ കുത്തിവയ്പ്പുകളുടെ രേഖ
10. കുട്ടികൾ അംഗീകൃത വിദ്യാർഥികളാണെന്ന് തെളിയിക്കുന്ന സ്കൂളിന്റെ സർട്ടിഫിക്കറ്റ്

വിവിധ എംബസികൾക്ക് വിസ അനുവദിക്കുന്നതിന് വെവ്വേറെ നടപടിക്രമങ്ങളാണുള്ളത്. പോകാനുദ്ദേശിക്കുന്ന പ്രദേശത്തെ ട്രാവൽ ഏജന്റുമായി ഇക്കാര്യം ചർച്ച ചെയ്യുന്നതാണ് നല്ലത്. വിസ നടപടിക്രമങ്ങൾക്ക് ഏകദേശം ഒരുമാസം സമയമെടുക്കും.

**വിദേശ കറൻസി**

യാത്ര തിരിക്കും മുമ്പ് ആവശ്യമായ തുക വിദേശ കറൻസിയാക്കി മാറ്റണം. ആഗോള സ്വീകാര്യത പരിഗണിച്ച് ഇന്ത്യൻ രൂപ അമേരിക്കൻ ഡോളറിലേക്ക് മാറ്റുന്നതാവും നല്ലത്. യാത്രാരേഖകൾ സഹിതം അപേക്ഷിച്ചാൽ വിദേശനാണയ കൈമാറ്റം നടത്തുന്ന ഏതൊരു ബാങ്കിൽ നിന്നും രൂപ ഡോളറാക്കിമാറ്റാം. വൻ ട്രാവൽ ഏജൻസികൾക്ക് സ്വന്തമായി നാണയമാറ്റ സേവനമുണ്ട്.

**യാത്ര തിരിക്കും മുമ്പ് ടീം ലീഡർ സ്വീകരിക്കേണ്ട നടപടികൾ**

അന്തർദേശീയ യാത്ര പുറപ്പെടും മുമ്പ് എല്ലാകാര്യങ്ങളും ആസൂത്രണം ചെയ്യുകയെന്നത് പ്രധാനമാണ്. യാത്രക്കാവശ്യമായ ചെലവ് കണക്കാക്കുകയും രക്ഷാകർത്താക്കളെ അത് അറിയിക്കുകയും വേണം. സന്ദർശിക്കുന്ന രാജ്യത്തിലെ കാലാവസ്ഥയും സംസ്കാരവും മനസിലാക്കണം. യാത്രയുടെ ചുരുങ്ങിയ വിവരം രക്ഷാകർത്താക്കൾക്ക് നൽകി അവരുടെ നിർദേശം കൂടി തേടണം.

യാത്രക്ക് കുട്ടികളെ നിശ്ചയിച്ചാൽ ടീം ലീഡർ അനുയോജ്യമായ ടൂർ ഏജന്റിനെ കണ്ടെത്തി വിസ ശരിയാക്കുന്നതിനും മറ്റു തയ്യാറെടുപ്പിനും ഏർപ്പാടുചെയ്യണം.

**പ്രധാനമായും ടീം ലീഡർ ഉറപ്പാക്കേണ്ട കാര്യങ്ങൾ :**

1. വിദേശ രാജ്യത്തേക്കും തിരിച്ചുമുള്ള വിമാന ടിക്കറ്റ് ബുക്ക് ചെയ്യുക
2. സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളിലെ ഹോട്ടൽ താമസം ബുക്കുചെയ്യുക
3. വിമാനത്താവളം, ഹോട്ടൽ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കുള്ള ഗതാഗത സൗകര്യം ഏർപ്പാടാക്കുക
4. വിമാനത്താവളങ്ങളിലെ സ്വീകരണം ഏർപ്പെടുത്തുക
5. യാത്രാസംഘത്തിനുള്ള ഭക്ഷണം ഒരുക്കുക
6. സംഘത്തിലെ എല്ലാവരിലും ആവശ്യമായ യാത്രാരേഖയും ഇതിന്റെ മൂന്ന് പകർപ്പും ഉണ്ടെന്ന് ഉറപ്പുവരുത്തുക
7. യാത്രാസംഘത്തിലെ എല്ലാവരിലും ആവശ്യമായ വിദേശ കറൻസിയുണ്ടെന്ന് ഉറപ്പ് വരുത്തുക
8. സന്ദർശിക്കുന്ന സ്ഥലത്തെ ഇന്ത്യൻ എംബസിയുടേയും കോൺസുലേറ്റിന്റെയും അഡ്രസ്സ് ശേഖരിക്കുക.
9. സന്ദർശന സ്ഥലത്തെ പ്രമുഖ മലയാളികളുടേയും മലയാളി സംഘടനകളുടേയും വിലാസം ശേഖരിക്കുക

**യാത്രാദിവസം**

യാത്രാദിവസം ടീം അംഗങ്ങൾ വിമാനത്താവളത്തിലേക്ക് പുറപ്പെടും മുമ്പ് സ്കൂളിൽ ഒത്തുകൂടുന്നത് നന്നാവും. യാത്രയ്ക്ക് മൂന്ന് മണിക്കൂർ മുമ്പ് വിമാനത്താ

വളത്തിൽ എത്തുന്ന വിധമാകണം ഈ ഒത്തുചേരൽ.

എല്ലാവരിലും ആവശ്യമായ രേഖകൾ ഉണ്ടെന്ന് ഒരിക്കൽകൂടി ഉറപ്പുവരുത്തണം. രേഖകളുടെ ഒരു പകർപ്പ് വിദ്യാർഥികളുടെ കൈയിലും ഒന്ന് ടീം ലീഡറുടെ കൈയിലും മറ്റൊന്ന് സ്കൂളിലും സൂക്ഷിക്കണം. യാത്ര പുറപ്പെടുമ്പോഴും ഇറങ്ങുമ്പോഴും ലഗേജിന് സമീപം ആവശ്യമില്ലാത്ത തിരക്ക് ഒഴിവാക്കാൻ ഓരോരുത്തരുടേയും ലഗേജിന് ടാഗ് ലഭ്യമാക്കണം.

എല്ലാ കുട്ടികൾക്കും യാത്രയുടെ ചെറുവിവരണം മുൻകൂട്ടി നൽകണം. ഇമിഗ്രേഷൻ സമയത്ത് എല്ലാവർക്കും അവരുടെ യാത്രയുടെ ലക്ഷ്യവും മറ്റും ഒരേ പോലെ ഉദ്യോഗസ്ഥരെ ധരിപ്പിക്കാൻ ഇത് സഹായിക്കും. ഇത് നടപടിക്രമം എളുപ്പമാക്കും. മാത്രമല്ല രേഖകൾ സൂക്ഷിക്കുന്നതിനും സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കുന്നതിനും സഹായകരമാകും.

**വിമാനത്താവളത്തിൽ**

വിമാനത്താവളത്തിൽ കുട്ടികളുടെ രേഖകൾ പരിശോധിക്കുന്നതിന് ടീം ലീഡർ നടപടി സ്വീകരിക്കണം. 'ചെക്ക് ഇൻ കൗണ്ടറി'ൽ ഓരോരുത്തർക്കും ബോഡിങ്ങ് കാർഡ് നൽകും. ചെക്ക് ഇൻ നടപടി കഴിഞ്ഞാൽ ഇമിഗ്രേഷൻ പ്രക്രിയ തുടങ്ങണം. ഗ്രൂപ്പായുള്ള ഇമിഗ്രേഷൻ നടപടി അനുവദിക്കാത്തതിനാൽ ഓരോ യാത്രക്കാരും അവരുടെ പാസ്പോർട്ടും ബോഡിങ്ങ് പാസും ഇവിടെ ഹാജരാക്കണം. ഇമിഗ്രേഷൻ പ്രക്രിയയക്ക് ശേഷം വിദ്യാർഥികൾ കസ്റ്റംസ് പരിശോധനക്ക് വിധേയമാകണം. ഇവിടെ പാസ്പോർട്ടും ബോഡിങ്ങ് പാസും ലഗേജ് രേഖകളും സമർപ്പിക്കണം.

കസ്റ്റംസ് നടപടിയും പൂർത്തിയായാൽ അടുത്തത് ശാരീരിക പരിശോധനയാണ്. ഇവിടെ ചുമതലയുള്ള പൊലീസ് ഉദ്യോഗസ്ഥന്റെ നിർദേശപ്രകാരം ലഗേജുകൾ എക്സ്റേ പരിശോധനക്ക് വിധേയമാക്കുകയും മെറ്റൽ ഡിറ്റക്ടർ വഴി പ്രവേശിക്കുകയും വേണം. സുരക്ഷാ പരിശോധനയും പൂർത്തിയായാൽ ബോഡിങ്ങ് കാർഡിലും കൈയിലുള്ള ലഗേജിലെ ടാഗിലും സ്റ്റാമ്പ് വെക്കും. ഇത് കഴിഞ്ഞാൽ യാത്രക്കാർക്ക് വെയിറ്റിങ്ങ് സ്ഥലത്തേക്ക് പോകാം. എല്ലാ പാസ്പോർടിലും എക്സിറ്റ് സ്റ്റാമ്പ് പതിച്ചിട്ടുണ്ടെന്നും ബോഡിങ്ങ് പാസിലും ലഗേജ് ടാഗിലും സുരക്ഷാ സ്റ്റാമ്പ് പതിച്ചിട്ടുണ്ടെന്നും ഇവിവെച്ച് വാർഡൻ ഉറപ്പാക്കണം. എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ഉദ്യോഗസ്ഥരെ അറിയിച്ച് പരിഹരിക്കണം.

**വിമാനത്തിൽ കയറുന്നിടത്ത്**

എല്ലാവരും ഒന്നിച്ച് ക്രമമായാണ് വിമാനത്തിൽ കയറേണ്ടത്. മുൻകൂട്ടി ആവശ്യപ്പെട്ടാൽ വിമാനക്കമ്പനി മറ്റ് യാത്രക്കാർക്ക് മുമ്പായി വിദ്യാർഥികൾക്ക് ഇതിന് സൗകര്യം ഒരുക്കും.

**വിദേശ രാജ്യത്ത് എത്തിച്ചേർന്നാൽ**

മറ്റൊരു രാജ്യത്ത് ഇറങ്ങുമ്പോൾ പകർച്ചവ്യാധികൾ പോലുള്ള കാര്യങ്ങളിലെ മുന്നറിയിപ്പ് കണക്കിലെടുക്കണം. ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിൽ ഓരോ രാജ്യത്തും ഉള്ള ആരോഗ്യ പ്രശ്നങ്ങളെകുറിച്ച് വിവരം ലഭിക്കും. പ്രദേശിക ടൂർ ഏജന്റിൽ നിന്നും ഇത്തരം വിവരം ലഭിക്കും.

ചില രാജ്യങ്ങളിൽ 'അറൈവൽ കാർഡ്' പൂരിപ്പിച്ച് നൽകേണ്ടതുണ്ട്. വിമാനത്തിൽ വെച്ചോ പാസ്പോർട്ട് കൺട്രോൾ ഹാളിലെത്തിയ ശേഷമോ ഈ ഫോറം ലഭിക്കും. ഓരാരുത്തരും വ്യക്തമായി പൂരിപ്പിക്കുന്ന ഫോറം വാർഡൻ പരിശോധിച്ച് കൈമാറണം. 14 വയസിൽ താഴെയുള്ള യാത്രക്കാരുണ്ടെങ്കിൽ അവരുടെ ഫോറം വാർഡൻതന്നെ പൂരിപ്പിക്കണം.

പാസ്പോർട്ടുകൾ എല്ലാ അംഗങ്ങളും പാസ്പോർട്ട് കൺട്രോൾ റൂമിൽ ഹാജരാക്കി സ്റ്റാമ്പ് പതിപ്പിക്കണം. അറൈവൽ കാർഡും സ്റ്റാമ്പ് ചെയ്ത് സൂക്ഷിക്കണം. വിദേശ രാജ്യത്തുനിന്ന് മടങ്ങാൻ ഈ കാർഡ് ആവശ്യമാണ്. ഇമിഗ്രേഷൻ നടപടി കഴിഞ്ഞാൽ വിദ്യാർഥികളിൽ നിന്നും പാസ്പോർട്ടും അറൈവൽ കാർഡും വാങ്ങി വാർഡൻ സൂക്ഷിക്കണം. പിന്നീട് ലഗേജുകൾ എടുത്ത് കസ്റ്റമസ് കൺട്രോൾ മുറിയിലെത്തണം. ഇവിടെ രണ്ട് രീതിയിലുള്ള വഴിയാണുള്ളത്. ലഗേജുകൾ പരിശോധിക്കേണ്ടതില്ലാത്ത 'ഗ്രീൻ ചാനലു'ം ലഗേജുകൾ പരിശോധനക്ക് വിധേയമാക്കേണ്ട വഴിയും. പരിശോധനയിൽ തടസ്സമുണ്ടാകുന്ന മദ്യം, സ്വർണം തുടങ്ങിയവ ഒഴിവാക്കണം.

## വിദേശ രാജ്യങ്ങളിലെ സുരക്ഷാ പ്രശ്നങ്ങൾ

വിദേശ രാജ്യങ്ങളിലാണെങ്കിലും സുരക്ഷാ പ്രശ്നങ്ങൾ ഇന്ത്യയിലേതുപോലെയാണ്. എങ്കിലും താമസസ്ഥലത്തും യാത്രയിലും കരുതൽ ഉണ്ടാവണം.

## റോഡ് സുരക്ഷ

കുറെയേറെ രാജ്യങ്ങളിൽ ലെഫ്റ്റ് ഹാൻഡ് ഡ്രൈവിങ്ങാണ് പ്രാബല്യത്തിലുള്ളത്. പുതിയ രാജ്യത്ത് എത്തുമ്പോൾ ഇത് ആശയക്കുഴപ്പം ഉണ്ടാക്കുമെന്നതിനാൽ റോഡ് മുറിച്ചുകടക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. മിക്ക രാജ്യങ്ങളിലേയും വാഹനങ്ങളുടെ വേഗം ഇന്ത്യയിലേതിനേക്കാൾ രണ്ടോ മൂന്നോ മടങ്ങ് കൂടുതലാണ്. ഇതും റോഡ് മുറിച്ചുകടക്കുമ്പോൾ കണക്കിലെടുക്കണം. നിർബന്ധമായും റോഡ് നിയമം പാലിക്കണം.

## വൈദ്യുതി സംബന്ധമായ സുരക്ഷ

ലാപ്ടോപ്പിനും മൊബൈൽ ഫോണിനും മറ്റും ഉപയോഗിക്കുന്ന സോക്കറ്റുകൾ വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമാണ്. ശരിയായ രീതിയിലല്ലാത്ത ഉപയോഗം അപകടം വരുത്തും. ഇത് ഒഴിവാക്കാൻ യോജിച്ച കണക്ടർ കരുതണം. മാത്രമല്ല, ചിലയിടത്ത് 110 വോൾട്ടും മറ്റു ചില രാജ്യങ്ങളിൽ 220 വോൾട്ടുമാണ് ഉള്ളത്. വോൾട്ടേജിലുള്ള ഈ വ്യത്യാസം അറിഞ്ഞില്ലെങ്കിൽ വ്യക്തിക്കും ഉപകരണത്തിനും ഹാനികരമാകും.

## സാംസ്കാരിക ധാരണ

സന്ദർശിക്കുന്ന രാജ്യത്തെ സംസ്കാരം അറിഞ്ഞില്ലെങ്കിലും പ്രശ്നമാകും. സന്ദർശിക്കുന്ന രാജ്യത്തെ ആളുകളെ മാത്രമല്ല വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ളവരേയും യാത്രയിൽ അഭിമുഖീകരിക്കേണ്ടിവരും. സന്ദർശിക്കുന്ന രാജ്യത്തെ രാഷ്ട്രീയവും മതപരവുമായ അവസ്ഥ, അവരുടെ വസ്ത്ര രീതി, സംസാരം, നിറം, ഭക്ഷണം, ഭാഷ തുടങ്ങി നിരവധി കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

## ഡോളർ പ്രദേശിക കറൻസിയിലേക്ക് മാറ്റുന്നത്

ലോകത്തിലെ മിക്ക രാജ്യങ്ങളിലും കറൻസി കൈമാറ്റത്തിന് രണ്ട് രീതിയിലുള്ള റേറ്റ് നിലവിലുണ്ട്. വിമാനത്താവളം, ഹോട്ടൽ, തുടങ്ങി നമ്മൾ കറൻസി നേരിട്ട് കൈകാര്യം ചെയ്യുന്ന സ്ഥലങ്ങളിലെ മൂല്യവും തുറന്ന വിപണിയിലെ മൂല്യവുമാണിത്. തുറന്ന വിപണിയുമായി താരതമ്യം ചെയ്യുമ്പോൾ മറ്റിടങ്ങളിലെ മൂല്യം യോജിച്ചതാകണമെന്നില്ല. ഇത്തരം സ്ഥലങ്ങളിലെ കമ്മീഷനും കൂടുതലാകാൻ ഇടയുണ്ട്. ഇത് പരിഗണിച്ച് കറൻസി മാറ്റത്തിന് യോജിച്ച രീതി തെരഞ്ഞെടുക്കണം.

## ഇന്ത്യയിലേക്ക് തിരിക്കൽ

വിദേശത്ത് നിന്ന് ഇന്ത്യയിലേക്ക് തിരിക്കുന്നതിന്റെ തലേ ദിവസം കുട്ടികളുടെ വസ്തുക്കൾ പാക്ക് ചെയ്യുന്നതിനെ കുറിച്ച് അവരെ ഓർമിപ്പിക്കണം. മൂർച്ചയേറിയതോ തീപടരാനിടയുള്ളതോ ആയ വസ്തുക്കൾ ഹാൻഡ്ബാഗിൽ കരുതാൻ അനുവദിക്കരുത്. മാത്രമല്ല വസ്തുക്കൾ പാക്ക് ചെയ്യുമ്പോൾ കസ്റ്റംസ് നിയന്ത്രണങ്ങളും പരിഗണിക്കണം.

എല്ലാവർക്കും അവരുടെ പാസ്പോർട്ടുകൾ തിരിച്ചു നൽകണം. വിദേശത്തേക്ക് പോകുമ്പോഴുള്ള ചെക്ക് ഇൻ, ഇമിഗ്രേഷൻ, കസ്റ്റംസ്, സുരക്ഷാ പരിശോധനകൾ ഇന്ത്യയിലേക്ക് തിരിച്ചുവരുമ്പോഴും ആവർത്തിക്കും. ഇത് കണക്കിലെടുത്ത് സമയം നിശ്ചയിച്ച് വേണം വിമാനത്താവളത്തിലെത്താൻ. അറൈവൽ കാർഡും ആരോഗ്യ വിവരണ കാർഡും ലാൻഡിങ്ങിന് മുമ്പ് പൂരിപ്പിച്ച് നൽകണം. ഇതും വാർഡൻ പ്രത്യേകം ശ്രദ്ധിക്കണം. പകർച്ചവ്യാധികളടക്കമുള്ള ആരോഗ്യ സ്ഥിതി വെളിപ്പെടുത്തേണ്ടതും അധികൃതർ വിലയിരുത്തുന്നതുമാണ്. പിന്നീട് ലഗേജുകൾ സ്വീകരിക്കണം.

കാത്തിരിക്കുകയാണെങ്കിലും കുട്ടികളെ കൂട്ടികൊണ്ടുപോകാൻ രക്ഷിതാക്കളോട് സ്കൂളിലെത്താൻ ആവശ്യപ്പെടുന്നതാണ് ഉജിതം. തെരക്കുപിടിച്ച വിമാനതാവളത്തിലെത്തി കുട്ടികളെ കൂട്ടുന്നത് ഏറെ ദുഷ്കരമായിരിക്കും.

# അധ്യായം 6
# അടിയന്തിര ഘട്ടങ്ങളോടുള്ള പ്രതികരണം

മുൻ അധ്യായങ്ങളിൽ വിവരിച്ച മുൻകരുതലുകളും നടപടിക്രമങ്ങളും ഒരു പരിധിവരെ സ്കൂൾ വിനോദയാത്രകളിലെ അപകട സാധ്യത കുറയ്ക്കാൻ സഹായിക്കും. എങ്കിലും, നമ്മുടെ നിയന്ത്രണത്തിനപ്പുറം നിരവധി ഘടകങ്ങൾ ഉള്ളതുകൊണ്ടുതന്നെ പൂർണ്ണമായി അപകടം ഇല്ലാതാക്കാൻ സാധിക്കില്ല. ഉദാഹരണത്തിന് നമ്മൾ എത്ര ശ്രദ്ധിച്ചാലും മറ്റൊരു വാഹനത്തിന്റെ ഡ്രൈവർറുടെ അശ്രദ്ധ അപകടത്തിനിടയാക്കും. അതുകൊണ്ട് യാത്രകളിൽ അടിയന്തിര ഘട്ടങ്ങൾ നേരിടാനുള്ള മുൻകരുതൽ എടുക്കേണ്ടത് അത്യാവശ്യമാണ്. ഇതിൽ വാർഡൻമാർ, ടൂർ ലീഡർ, സ്കൂൾ മേധാവി എന്നിവർക്ക് ഉത്തരവാദിത്തമുണ്ട്.

അടിയന്തിര സന്ദർഭങ്ങൾ പ്രൊഫഷണലിസത്തോടെ നേരിടുന്നത് അപകടതീവ്രത കുറയ്ക്കുന്നതിനൊപ്പം സ്കൂൾ അധികൃതർ പരമാവധി സാധ്യമായ നടപടിയെടുത്തെന്ന് രക്ഷാകർത്താക്കളിൽ മതിപ്പുണ്ടാക്കും. ഇത് ആരോപണങ്ങൾ കുറയ്ക്കുന്നതിനും സ്വയം പ്രതിരോധിക്കുന്നതിനും അനാവശ്യ നിയമ നടപടികളിൽ കുടുങ്ങാതിരിക്കുന്നതിനും സഹായിക്കും.

യാത്ര തിരിക്കുംമുമ്പ് വരാൻ പോകുന്ന അടിയന്തിര ഘട്ടമെന്തെന്ന് വിവരിക്കുക സാധ്യമല്ല. സംഭവങ്ങൾ സന്ദർഭത്തിനനുസരിച്ചായിരിക്കും. മോഷണം, റോഡപകടം, ഭക്ഷ്യവിഷബാധ തുടങ്ങി നിരവധി സാധ്യതകളാണുള്ളത്. ഇവയെല്ലാം കൈകാര്യം ചെയ്യുന്നതിനുള്ള ചില പൊതു നിർദേശങ്ങൾ താഴെ:

1. ടൂർ ലീഡറുടെ പ്രാഥമിക ശ്രദ്ധ വിദ്യാർഥികളുടെ ക്ഷേമത്തിലായിരിക്കണം. അടിയന്തിര സന്ദർഭങ്ങളിലെപ്പോഴും ഇത് അദ്ദേഹത്തിന്റെ ഓർമയിലുണ്ടാകണം

2. അപകട സാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞാൽ ടീം ലീഡർ സ്ഥാപന മേധാവിയുമായി ആലോചിക്കുകയും യാത്ര റദ്ദാക്കേണ്ടതുണ്ടോയെന്ന് നിശ്ചയിക്കുകയും വേണം. ഇതിൽ അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കണം.

3. ചെറിയ സംഭവങ്ങൾ ഗുരുതരമാകാതെ നോക്കാൻ ലീഡർ ശ്രദ്ധിക്കണം. ഉദാഹരണത്തിന് ഒരു റോഡപകടം ഗതാഗതമാകെ തടസ്സപ്പെടുത്തുന്നതിന് ഇടയാക്കുന്നത് ഒഴിവാക്കണം. അപകടത്തിന് ഉത്തരവാദി യാത്രാ സംഘമാണെങ്കിൽ അത് ഏറ്റെടുക്കുന്നതിനും മാന്യമായി പെരുമാറുന്നതിനും സാധിക്കണം.

4. എന്തെങ്കിലും അടിയന്തിര ഘട്ടം നേരിട്ടാൽ സന്ദർഭത്തിനൊത്തുയർന്ന് ബന്ധപ്പെട്ട അധികാരികളെയും രക്ഷാസംവിധാനത്തേയും ലീഡർ അറിയിക്കണം.

ഹോട്ടലിൽ വച്ച് മോഷണം നടന്നാൽ മാനേജറെ അറിയിച്ച് നടപടിയെടുക്കാൻ ആവശ്യപ്പെടുക. ഏത് സുരക്ഷാഭീഷണിയും താമസംകൂടാതെ പൊലീസിൽ അറിയിക്കുക. എല്ലാ റോഡപകടങ്ങളും പ്രദേശത്തെ പൊലീസിൽ അറിയിക്കുക. ഈ സന്ദർഭങ്ങളിലെല്ലാം ടീം ലീഡർ സ്കൂൾ മേധാവിയെ വിവരം അറിയിക്കുന്നതിൽ വീഴ്ച വരുത്തരുത്.

5. യാത്രക്കിടെ വിദ്യാർഥിക്ക് വല്ല അപകടവും പറ്റിയാൽ ടീം ലീഡറോ, മറ്റധികൃതരോ കഴിവതും വേഗം വിദ്യാർഥികളുടെ കുടുംബത്തെ അറിയിക്കണം. അല്ലാത്തപക്ഷം മറ്റു കുട്ടികളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ മാധ്യമങ്ങളിൽ നിന്നോ അറിയാനിടയാകുകയും ഇത് പ്രശ്നം വഷളാക്കുകയും ചെയ്യും.

6. അടിയന്തിര സാഹചര്യം നേരിട്ടാൽ ഉടൻ വിദ്യാർഥികളെ അറിയിക്കുകയും എന്ത് നടപടിയാണ് എടുക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുകയും വേണം. വാർഡൻ വിദ്യാർഥികളുമായി ചർച്ചചെയ്യണം. അടുത്ത സുഹൃത്തിന് എന്തെങ്കിലും പറ്റിയിട്ടോ തന്റെ കാരണം കൊണ്ട് അപകടം ഉണ്ടായിട്ടോ ഏതെങ്കിലും കുട്ടിക്ക് കടുത്ത ആഘാതം ഉണ്ടായാൽ അവനെ/അവളെ പ്രത്യേക പരിഗണനയോടെ പരിചരിക്കണം.

7. സ്കൂളിൽ തിരിച്ചെത്തിയാൽ അടിയന്തിര ഘട്ടത്തിലേക്ക് നയിച്ച സംഭവത്തെകുറിച്ചും സ്വീകരിച്ച നടപടിയെക്കുറിച്ചും മറ്റുകാര്യങ്ങളെകുറിച്ചും ടീം ലീഡർ ചുരുക്കത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കണം.

8. അബദ്ധത്തിൽനിന്ന് അനുഭവമുൾക്കൊള്ളാൻ സ്

കൂൾ മേധാവി ഒരു അന്വേഷണ സമിതിയെ നിയമിക്കണം. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇത് സഹായിക്കും. അപകടത്തിന്റെ വീഴ്ച കണ്ടെത്തുന്നതിനോ ഉത്തരവാദിത്തം നിർണ്ണയിക്കുന്നതിനോ ആവരുത് സമിതിയെ ചുമതലപ്പെടുത്തുന്നത്. ഈ സമിതി ടീം ലീഡർ, വാർഡൻമാർ, വിദ്യാർഥികൾ, രക്ഷകർത്താക്കൾ, സ്കൂൾ മേധാവി തുടങ്ങിവരുമായി ചർച്ച നടത്തണം.

9. പരമാവധി രണ്ടാഴ്ചക്കുള്ളിൽ സമിതി ഭാവിയിലേക്കുള്ള മുൻകരുതലടങ്ങുന്ന റിപ്പോർട്ട് തയ്യാറാക്കണം. തൊട്ടടുത്ത് ചേരുന്ന അധ്യാപക–രക്ഷാകർതൃ യോഗത്തിൽ ഈ റിപ്പോർട്ട് ചർച്ചചെയ്യണം. റിപ്പോർട്ടിന്റെ പകർപ്പ് അധ്യാപകർക്കും രക്ഷകർത്താക്കൾക്കും നൽകുകയും വേണം.

10. രക്ഷിതാക്കളാലോ മാധ്യമങ്ങളാലോ നിയമ അധികാരികളാലോ ഒരു പ്രത്യേക അധ്യാപകനോ അധ്യാപികയോ ഇരയാക്കപ്പെടുന്നത് ഒഴിവാക്കണം. ഈ പിന്തുണ വിദ്യാർഥികൾക്കൊപ്പം പോയ അധ്യാപകർക്ക് വൈമനസ്യം നേരിടുന്നത് ഒഴിവാക്കും.

11. അതേസമയം, ലൈംഗിക ചൂഷണം, ലഹരിയുടെ ഉപയോഗം, സുരക്ഷാ ഭീഷണിക്കിടയാക്കുന്ന സംഭവം തുടങ്ങിയവയ്ക്ക് ഉത്തരവാദിയായി കണ്ടെത്തുന്ന അധ്യാപകർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ദയാദാക്ഷിണ്യമില്ലാതെ, നിയമപരമായും ഭരണപരമായും മറ്റുതരത്തിലും ഇവർക്കെതിരെ നടപടിയെടുക്കണം.

************

## അനുബന്ധം

# വിനോദയാത്രയെകുറിച്ച് രക്ഷകർത്താകൾക്കെഴുതേണ്ട കത്തിന്റെ മാതൃക

പ്രിയ(രക്ഷകർത്താവിന്റെ പേര്)

സ്കൂളിൽ നിന്ന് ഒരു വിനോദയാത്ര പോകാൻ തീരുമാനിച്ച കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ. .... തിയ്യതി പുറപ്പെടുന്ന യാത്ര ....... (സ്ഥലം) യിലേക്കാണ് നിശ്ചയിച്ചത്. ..... മുതൽ .....വരെ ക്ലാസുകളിലെ കുട്ടികളാണ് യാത്രപോകുന്നത്. .... ദിവസത്തെ യാത്രയ്ക്ക് ..... രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. യാത്രയുടെ കൂടുതൽ വിവരങ്ങൾ ഇതിനോടൊപ്പം ചേർത്തിട്ടുണ്ട്.

നിങ്ങളുടെ കുട്ടി ഈ യാത്രയിൽ പങ്കെടുക്കുന്നുണ്ടോയെന്നറിയാൻ ഞങ്ങൾ താൽപര്യപ്പെടുന്നു. അവൾ/അവൻ പങ്കെടുക്കുന്നുണ്ടെങ്കിൽ രക്ഷകർത്താവിന്റെ ഒരു അനുമതിപത്രം നൽകണമെന്ന് അഭ്യർഥിക്കുന്നു.

യാത്ര സംബന്ധിച്ചും നിർദേശങ്ങൾ സംബന്ധിച്ചും കൂടുതൽ വിവരങ്ങൾ യാത്രയുടെ ഒരാഴ്ചക്ക് മുമ്പ് അയച്ചുതരുന്നതാണ്. വളരെ കുറച്ച് രക്ഷിതാക്കൾക്ക് കൂടെവരുന്നതിന് സൗകര്യമുണ്ട്. നിങ്ങളുടെ കുട്ടി രക്ഷകർത്താവിന്റെ സഹായം വേണ്ട ആളാണെങ്കിൽ ദയവായി ഒരു അപേക്ഷ സമർപ്പിക്കുക.

മറുപടി പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വസ്തതയോടെ

സ്ഥാപനമേധാവി

# വിനോദയാത്രാ വിവരം

യാത്രപോകുന്ന സ്ഥലം
സമയം
പങ്കെടുക്കുന്ന ക്ലാസുകൾ
ടൂർ ലീഡർ, ബന്ധപ്പെടേണ്ട നമ്പർ
കൂടെയുള്ള മറ്റു സ്റ്റാഫുകൾ
മറ്റ് മുതിർന്നവർ
ടൂർ മാപ്പ്
യാത്രാമാർഗം
പങ്കെടുക്കുന്ന പരമാവധി കുട്ടികൾ
ചെലവ് വിവരം

- യാത്ര
- പ്രവേശന ഫീ
- താമസം
- ഭക്ഷണം
- മറ്റുചെലവുകൾ

ബന്ധപ്പെടേണ്ട മേൽവിലാസവും നമ്പരും മറ്റ് വിവരങ്ങളും
യാത്ര പുറപ്പെടും മുമ്പ് എത്തേണ്ട സ്ഥലം
പുറപ്പെടുന്ന സമയം
തിരിച്ചെത്തുമ്പോൾ രക്ഷകർത്താക്കൾ എത്തേണ്ട സ്ഥലം
എത്തുന്ന സമയം

## അനുമതിപത്രത്തിന്റെ മാതൃക

വിദ്യാർഥിയുടെ പേര്
രക്ഷിതാവിന്റെ പേര്
യാത്രാസ്ഥലം
സമയം
കുട്ടിയ്ക്ക് വിശേഷിച്ച് വല്ല മെഡിക്കൽ വിവരവും ഉണ്ടെങ്കിൽ അത്
സ്ഥിരമായി എടുക്കുന്ന മെഡിസിൻ സംബന്ധിച്ച്
ഏതെങ്കിലും ഭക്ഷണം അലർജിയുണ്ടെങ്കിൽ
മറ്റെന്തെങ്കിലും അലർജിയുണ്ടെങ്കിൽ
കുടുംബ ഡോക്ടറെ ബന്ധപ്പെടേണ്ട നമ്പർ
കുടുംബവുമായി ബന്ധപ്പെടേണ്ട നമ്പർ (ലാൻഡ്ലൈൻ)
അടിയന്തിര ഘട്ടത്തിൽ ബന്ധപ്പെടേണ്ട മൊബൈൽ നമ്പർ

1. ........ ക്ലാസിലെ വിദ്യാർഥിയായ എന്റെ മകൻ/മകൾ .................. നെ മേൽ പറഞ്ഞ യാത്രയിൽ പങ്കെടുപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു
2. യാത്രയിൽ അപകടമോ അസുഖമോ ഉണ്ടായാൽ ആ വിവരം എന്നെ അറിയിക്കാൻ സ്കൂൾ അധികൃതർ ശ്രമിക്കും. എന്നിരുന്നാലും, അറിയിക്കാൻ കഴിഞ്ഞില്ലെങ്കിലും അടിയന്തിര ഘട്ടത്തിൽ മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിന് ഞാൻ ടീം ലീഡറെ ചുമതലപ്പെടുത്തുന്നു.
3. ഏതെങ്കിലും അടിയന്തിര ഘട്ടത്തിൽ എടുക്കുന്ന ചികിത്സയുടെ ചെലവ് ഞാൻ വഹിക്കുമെന്ന് ഉറപ്പുതരുന്നു.

ഒപ്പ്..........
തിയ്യതി..........

# യാത്രയിൽ കരുതേണ്ട വസ്തുക്കളുടെ പട്ടിക

1. യാത്രയ്ക്കാവശ്യമായ വസ്ത്രവും മറ്റും സൂക്ഷിക്കാവുന്ന ലഗേജ് ബാഗ്. പൂട്ടി സൂക്ഷിക്കാവുന്നതാകണം ബാഗ്.
2. ഒരു ദിവസം മുറിയിൽ നിന്ന് പുറത്തുപോകുമ്പോൾ വസ്തുക്കൾ കരുതാവുന്ന ചെറിയ ബാഗ്.
3. പണം സൂക്ഷിക്കാവുന്ന പേഴ്സ്.
4. രാത്രി തങ്ങേണ്ടിവരുന്ന യാത്രയാണെങ്കിൽ ചെറിയ ടോർച്ച് ലൈറ്റ്.
5. യാത്രപോകുന്ന സ്ഥലത്തിന് യോജിച്ചതും ആവശ്യത്തിന് വേണ്ടതുമായ വസ്ത്രങ്ങൾ. ഉയർന്ന സ്ഥലങ്ങൾ, ബീച്ചുകൾ, വാട്ടർ തീംപാർക്ക് തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് യാത്രയെങ്കിൽ അതിന് യോജിച്ചതാകണം വസ്ത്രങ്ങൾ.
6. അനുയോജ്യമായ പാദരക്ഷ. ട്രക്കിങ്ങിനാണെങ്കിൽ ട്രക്കിങ്ങ് ഷൂ കരുതണം.
7. വ്യക്തിപരമായി ഉപയോഗിക്കേണ്ട ബ്രഷ്, ചീപ്പ്, പേസ്റ്റ്, ടിഷ്യൂ പേപ്പർ എന്നിവ. പെൺകുട്ടികളാണെങ്കിൽ നാപ്കിനും ഉണ്ടാകണം.
8. ചർദിയും മറ്റും ഉണ്ടാകുമ്പോൾ ഉപയോഗിക്കാൻ ഒഴിഞ്ഞ കവർ.
9. സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകൾ.
10. സൂര്യതാപം പ്രതിരോധിക്കാവുന്ന ക്രീം.
11. വെള്ളക്കുപ്പി

# അപകട റിപ്പോർട്ട്

അപകട തിയ്യതി
എപ്പോൾ
എന്ത് സംഭവിച്ചു
ആരൊക്കെയാണ് ഉൾപ്പെട്ടത്
യാത്രാസംഘത്തിന് പരിക്കുണ്ടോ
മറ്റാർക്കെങ്കിലും പരിക്കുണ്ടോ
എന്തെങ്കിലും നഷ്ടപ്പെട്ടോ
എന്ത് നടപടിയെടുത്തു
ആരെയാണ് അറിയിച്ചത്
  സ്ഥലത്തെ അധികാരിയെ
  ലോക്കൽ പൊലീസിനെ
  സ്കൂൾ അധികൃതരെ
  വിദ്യാഭ്യാസ വകുപ്പിനെ
എപ്പോഴാണ് അറിയിച്ചത്
എന്ത് തുടർനടപടികളാണ് വേണ്ടത്

# ഫസ്റ്റ് എയിഡ് കിറ്റ്

1 ഫസ്റ്റ് എയിഡ് ഗൈഡ്
50 നോൺ ആസ്പിരിൻ ടാബ്ലറ്റ്
50 കോൾഡ് റിലീഫ് ടാബ്ലറ്റ്
50 ബാൻഡേജ് സ്ട്രിപ് (7/8* 3)
40 നക്ക്ൾ ബാൻഡേജ്
40 ഫിംഗർടിപ് ബാൻഡേജ്
10 ഗോസ് പാഡ്
20 ആന്റിസെപ്റ്റിക് വൈപ്സ്
1 ഓവൽ ഐപാഡ്
1 കത്രിക
1 ടീസർ
25 ട്രിപ്ൾ ആന്റിബയോടിക്
1 കോൾഡ് പാക്
1 അഡ്ഹസീവ് ടാപ്
2 ജോഡി ഗ്ലൗസ്
1 ഗോസ് റോൾ 2 ഇഞ്ച്
1 ഗോസ് റോൾ 3 ഇഞ്ച്
1 ബ്ലഡ് സ്റ്റോപിങ്ങ് ബാൻഡേജ്
5 അമോണിയ ഇൻഹാലന്റ്സ്
6 ബേൺ ജെൽ
1 ബേൺ ട്രസിങ്ങ് 2*6
1 കോഹസീവ് ബാൻഡേജ് 1 ഇഞ്ച്
1 സിപിആർ മാസ്ക്
1 ട്രിയാൻഗുലർ ബാൻഡേജ്
20 സ്പ്ലിന്റർ ഔട്ട്
3 ഐ വാഷ് 20 മില്ലീലിറ്റർ

## പുറപ്പെടുംമുമ്പുള്ള പരിശോധന

1. എല്ലാ രക്ഷിതാക്കളിൽ നിന്നും ലഭിച്ച സമ്മതപത്രം
2. വിദ്യാർഥികളുടെ പേരുവിവരവും ഫോൺ നമ്പറും
3. വിദ്യാഭ്യാസ അധികൃതരിൽ നിന്നും ലഭിച്ച അനുമതി.
4. സ്ഥാപന തലവനിൽ നിന്നും ലഭിച്ച അനുമതി.
5. എല്ലാ സഹ ടൂർ ലീഡർമാരും
6. യാത്രക്കാവശ്യമായി ചെയ്ത റിസർവേഷൻ വിവരം
7. താമസത്തിനുള്ള റിസർവേഷൻ
8. തയ്യാറാക്കിയ ഫസ്റ്റ്എയിഡ് ബോക്സ്
9. ആവശ്യമായ പണം ബാങ്കിൽ ഉണ്ടോയെന്ന്.
10. യാത്രയെകുറിച്ചും മാന്യമായ പെരുമാറ്റത്തെകുറിച്ചും കുട്ടികൾക്ക് വിവരണം
11. പ്രത്യേകമായി കരുതേണ്ട മരുന്നുകൾ
12. റോഡ് മാർഗമാണ് യാത്രയെങ്കിൽ വാഹന പരിശോധന
13. പാക്കേജ് ഭക്ഷണം
14. എല്ലാ സഹ ടൂർ ലീഡർമാരേയും മറ്റുള്ളവരേയും ഉത്തരവാദിത്തം ബോധ്യപ്പെടുത്തുക

## അപകടങ്ങളെകുറിച്ച് ചില വിവരണം

### കുത്തബ്മിനാർ ദുരന്തം

ഡൽഹിയിലെ കുത്തബ്മിനാർ കാണാൻ പോയ വിവിധ സ്കൂളിലെ വിദ്യാർഥികൾ 1981 ഡിസംബർ നാലിന് അപകടത്തിൽ പെട്ടതാണ് സംഭവം. മിനാരത്തിന്റെ ഗോവണി കയറുമ്പോൾ വൈദ്യുതി പോയപ്പോഴുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 40 കുട്ടികളാണ് കൊല്ലപ്പെട്ടത്. വെള്ളിയാഴ്ച സൗജന്യ പ്രവേശനമായതിനാൽ വിവിധ സ്കൂളുകളിൽ നിന്നെത്തിയ നാനൂറോളം കുട്ടികൾ ടവറിൽ ഉണ്ടായിരുന്നു.

### തട്ടേക്കാട് ബോട്ടപകടം

**കേ**രളത്തിലെ പക്ഷിനിരീക്ഷണ കേന്ദ്രമായ തട്ടേക്കാടിന് സമീപം പെരിയാർ നദിയിലെ ഭൂതത്താൻകെട്ടിൽ 2007 ഫെബ്രുവരി 20ന് ഉണ്ടായ ബോട്ടപകടം വൻ ദുരന്തങ്ങളിലൊന്നാണ്. ബോട്ട് അപകടത്തിൽ 15 കുട്ടികളും മൂന്ന് അധ്യാപകരുമാണ് ഇവിടെ മുങ്ങി മരിച്ചത്. മൂന്നു ബോട്ടുകളിലായി 106 കുട്ടികളും 12 അധ്യാപകരുമാണ് വിനോദയാത്രക്കെത്തിയത്. രണ്ടോ മൂന്നോ ചെറിയ ബോട്ടുകൾ ചേർത്ത് താൽക്കാലികമായി ഒരുക്കിയ ബോട്ടായിരുന്നു അപകടത്തിപെട്ടത്. ഇത്തരം ബോട്ടുകളിൽ വേണ്ടത്ര സുരക്ഷ സംവിധാനം ഉണ്ടാകാറില്ല. ലൈഫ് ബോട്ടുകൾ, ലൈഫ് ജാക്കറ്റുകളോ റബർ ട്യൂബുകളോ ഉണ്ടാകാറില്ല.

### ധരംപുരി ബസ് തീപിടിത്തം

**ത**മിഴ്നാട്ടിലെ ധരംപുരിയിൽ അക്രമാസക്തരായ ജനക്കൂട്ടം 2000 ഫെബ്രുവരി രണ്ടിന് ബസിന് തീയിട്ടതിൽ വിനോദ യത്ര പോയ കോയമ്പത്തൂർ കാർഷിക സർവ്വകലാശാലയിലെ മൂന്ന് വിദ്യാർഥികൾ വെന്തുമരിച്ചു. എഐഎഡിഎംകെ നേതാവ് ജയലളിതയുടെ കൊടൈക്കനാൽ ഹോട്ടൽ കേസുമായ ബന്ധപ്പെട്ട് നടന്ന പ്രതിഷേധത്തിനിടെയാണ് സംഭവം.

### കായംകുളം ഭക്ഷ്യവിഷബാധ

**കാ**യംകുളം സ്കൂളിൽ നിന്ന് വിനോദയാത്രപോയ സംഘത്തിന് ഭക്ഷ്യ വിഷബാധയേറ്റ് 14 കുട്ടികളേയും അധ്യാപകരേയും തിരുവനന്തപുരത്ത് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കോവളവും മ്യൂസിയവും സന്ദർശിച്ച ഇവർ റോഡരികിൽ നിന്ന് ഐസ്ക്രീമും കുപ്പിവെള്ളവും വാങ്ങി കഴിച്ചിരുന്നു. മ്യൂസിയത്തിന് സമീപം നിന്ന് വാങ്ങിയ കുപ്പിവെള്ളത്തിലെ ക്ലോറിന്റെ കൂടിയ അളവാണ് വിഷബാധക്ക് കാരണമായത്. (2006 ഫെബ്രുവരി 6– *ദി ഹിന്ദു*)

### പാകിസ്ഥാനിൽ വാഹനാപകടം

**പ**തിനൊന്നിനും പതിനഞ്ചിനും ഇടക്ക് പ്രായമുള്ള 56 സ്കൂൾ കുട്ടികളെയുമായി യാത്രപോയ ബസ് അപകടത്തിൽ പെട്ട് പാകിസ്ഥാനിൽ 10 കുട്ടികൾ കൊല്ലപ്പെട്ടു. 2005 ഫെബ്രുവരി 27ന് തെക്കുകിഴക്കൻ പാകിസ്ഥാനിലാണ് സംഭവം. പുരാതന ഉപ്പുഖനിയായ കലാർ കഹാറിലേക്ക് യാത്രപോയ സംഘം സഞ്ചരിച്ച ബസ് യന്ത്രത്തകരാറ് കാരണം കൊല്ലിയിലേക്ക് മറിയുകയായിരുന്നു.

### ഒളിക്ക്യാമറ

**പൂ**ണെയിലെ നവി പേഠ് മേഖലയിൽ ബംഗ്ലാവ് എടുത്ത് താമസിച്ച മൂന്ന് കോളേജ് വിദ്യാർഥിനികളുടെ കിടപ്പറ രഹസ്യങ്ങൾ ക്യാമറയിൽ പകർത്തിയ സംഭവം. കുട്ടികളുടെ പരാതിയിൽ പൊലീസ് നടത്തിയ തിരച്ചിലിൽ കെട്ടിടയുടമ ട്യൂബ് ലൈറ്റിനൊപ്പം രഹസ്യക്യാമറ സ്ഥാപിച്ചിരുന്നതായി കണ്ടെത്തി. (2005 ജനുവരി 12 *ടൈംസ് ഓഫ് ഇന്ത്യ*)